# ചെറുതേൻ- ★ ★
# ★ ★ കൊളംബസ്

സി. വി. രാമൻപിള്ള

Digitized By Kerala Sahitya Akademi

# ചെറുതേൻകൊളംബസ്

(ഒരു പ്രഹസനം)

ഗ്രന്ഥകർത്താവ്

സി. വി. രാമൻപിള്ള ബി. ഏ.

പ്രസാധകൻ

കെ. ആർ. ജി. മേനോൻ.

ബി. വി. ബുക്കഡിപ്പോ & പ്രിൻറിങ് വർക്ക്സ്,

തിരുവനന്തപുരം.

1130] [വില 8 ണ.

പ്രസാധകൻെറ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

കേരള സാഹിത്യ അക്കാദമി

Digitized By Kerala Sahitya Akademi

FIRST EDITION 1917.

PRINTED AT THE

B. V. PRINTING WORKS, TRIVANDRUM—1.

1955.

*(Copy-right with the Publisher)*

Digitized By Kerala Sahitya Akademi

സി. വി. യുടെ

## ഇതര കൃതികൾ

| | രൂ. | ണ. | സ. |
|---|---|---|---|
| രാമരാജാബഹദൂർ 1-ാം ഭാഗം | 2 | 0 | 0 |
| ,, 2-ാം ഭാഗം | 2 | 0 | 0 |
| ,, സംക്ഷിപ്തം | 2 | 8 | 0 |
| കുറുപ്പില്ലാക്കളരി (പ്രഹസനം) | 0 | 12 | 0 |
| കയ്യുളക്കുന്റെ കടശിക്കൈ ,, | 0 | 8 | 0 |
| ഡാക്കുക്ക് കിട്ടിയമിച്ചം ,, | 0 | 8 | 0 |

*N.B.* ഇവകൂടാതെ സീ. വീ. യുടെ മററു കൃതികൾക്കും ഞങ്ങളോടാവശ്യപ്പെടുക.

Digitized By Kerala Sahitya Akademi

# പാത്രവിവരം

ഇന്ദുലേഖരൻ—ഒരു യുവപരീക്ഷാവിജയി.

വാസുദേവൻപിള്ള—ഇന്ദുലേഖരന്റെ അമ്മാവൻ.

മാധവൻ—വാസുദേവൻപിള്ളയുടെ മകൻ.

ഗോവിന്ദമേനോൻ—ഒരു ബാരിസ്റ്റർ.

ശങ്കുണ്ണിമേനോൻ—ഇന്ദുലേഖരൻെറ സ്നേഹിതൻ.

ശങ്കൂട്ടാർ—ഇന്ദുലേഖരൻെറ ഭൃത്യൻ.

ഭഗവതിപ്പിള്ളഅമ്മ — വാസുദേവൻപിള്ളയുടെ ഭാര്യ.

ശാരദ—ടിയാരുടെ മകൾ.

Digitized By Kerala Sahitya Akademi

ശ്രീ

# ചെറുതേൻകൊളംബസ്

(ഒരു പ്രഹസനം)

## രംഗം I.

മദ്രാസിൽ ഇന്ദുശേഖരൻ താമസിക്കുന്ന ഭവനം.

(വാസുദേവൻപിള്ള ചിന്താമഗ്നനായി പ്രവേശിക്കുന്നു)

വാസു:—(ആത്മഗതം) നാലഞ്ചു കൊല്ലംകൊണ്ടു് കുട്ടികൾ എങ്ങനെ മാറിപ്പോകുന്നു! വിദ്യാഭ്യാസത്തിന്റെ—അല്ലാ കാലത്തിൻെറ—ലക്ഷണമാണു്. ഈ ഇന്ദുശേഖരൻ തന്നെ—പേർ വാശിയെന്നുണ്ടല്ലൊ; ഒക്കെ ബെംഗാൾ രീതിയാകുന്നു—അങ്ങോട്ടു വല്ലതും ഒന്നു പറയുമ്പോൾ എന്തോ അകത്തുള്ള നിധി കാക്കുന്ന പാമ്പുപോലെ പ്രമാണങ്ങളാകുന്ന വിഷപ്പല്ലുകൾ കാട്ടിക്കൊണ്ടു് അവൻ ചീറുണു. ഇവൎക്കു് തറവാടെന്ന സ്ഥാപനങ്ങളുടെ മഹത്വത്തെക്കുറിച്ചു് ഒരു രൂപവുമില്ല. അവർ ക്യാപ്പിററൽ ക്യാപ്പിറ്റൽ എന്നു് കൊട്ടിഘോഷിക്കും. അതിന്റെ സത്വസ്വരൂപം ജീവച്ഛക്തി, ഇവകൾ എന്തെന്നു ഗ്രഹിപ്പാൻ തലയോടിനെപ്പോലും ക്ലേശിപ്പിച്ചിട്ടില്ല. ക്യാപ്പിററൽ തന്നെ തറവാടു. മലയാളപ്പേരാകുമ്പോൾ അതിന്റെ മഹനീയത പൊളിഞ്ഞു—

---

* തിരുവനന്തപുരം രാജകീയ കാളേജിൽ 1917-ലെ "കാളേജ്ഡേ" ആഘോഷാവസരത്തിൽ അഭിനയിക്കുന്നതിനായി കാളേജ്ഡേ കമ്മിററിക്കാരുടെ അപേക്ഷപ്രകാരം ഉണ്ടാക്കപ്പെട്ടതു്.

Digitized By Kerala Sahitya Akademi

ഒരു വാക്കു പറവാൻ സമ്മതിക്കേണ്ട! അമ്മാവനെ താണു തൊഴുന്നു:—ക്ഷേമമായി വിരുന്നൂട്ടുന്നു. സ്പ്രിങ്ങ് കട്ടിലിൽ കിടത്തി ഉറക്കുന്നു. നമ്മുടെ ഉപദേശം വല്ലതും പൊട്ടിക്കാൻ ലാക്കുനോക്കുമ്പോൾ ഇങ്ങോട്ടു പ്രയോഗിക്കുന്നതു് മാക്സിംഗൺസ്!* മിണ്ടാതെ ഭാണ്ഡം കെട്ടിക്കളയുകയാണു് മാനം. ഉദ്ദേശ്യം പറയാതെ അവിടുന്നു പോന്നു. അതു സാധിക്കാതെ അങ്ങോട്ടു മടങ്ങുന്നു. ആകപ്പാടെ നായ് ചന്തയിൽ പോയതുപോലെ പരിണാമം—ശ്രീകൃഷ്ണൻെറ ദൌത്യം പിടിച്ചു കെട്ടട്ടെ എന്നൊരു കല്പന പുറപ്പെടുവിച്ചു—അതിൽ ഭേദംതന്നെ ഈ യാത്ര—എടാ!

(ശങ്കർ പ്രവേശിക്കുന്നു)

വാസു:—തന്നെ അല്ലേടാ വിളിച്ചതു്. കൂടിവന്നിട്ടുള്ളവരെയാണു്. ആട്ടെ—താൻ കടന്നു വന്നുവല്ലൊ. അവരോടു പറയൂ വൈകുന്നേരത്തെ വണ്ടി കേറാൻ സാമാനങ്ങൾ ഒരുക്കണമെന്നു്.

ശങ്കു:—കാശിയിലേക്കൊ രാമേശ്വരത്തേക്കോ—

വാസു:—എന്തു ചോദ്യമാണെടോ അതു്?

ശങ്കു:—അച്ഛനെ സേവിച്ചു: മകനെയും സേവിച്ചു. ഇപ്പോൾ ലോകം കണ്ടുനിറഞ്ഞു. ഇനി തപസ്സു മതിയങ്ങുന്നെ! അയ്യമ്പോ! നിങ്ങളെ ഒക്കെ വിചാരിച്ചാണു് ഇവിടെ കിടക്കുന്നതു്—ചീത്തയെന്നുമില്ല—എങ്കിലും ഇവനെ തലകറക്കിക്കളയുന്നു. പകലെല്ലാം സഭക്കൂടലുകളും, ചാക്യാരുകൂത്തുകളും, കൂട്ടപ്പടകളും; രാത്രി മുഴുവൻ പുസ്തകം ചവച്ചു് കണ്ണുകളഞ്ഞു ഇരിക്കുന്നതു കണ്ടില്ലേ? നേരം പല

* ഒരു തരം പീരങ്കി (പ്രമാണതോൽകം എന്നും അർത്ഥമുണ്ടു്)

Digitized By Kerala Sahitya Akademi

പല വെളുക്കുമ്പോൾ തീരം വേണ്ട കീന്റം വേണ്ട, കണ്ട കാര്യങ്ങൾക്കെല്ലാം പടത്തലവൻ. ഇവൻ പൊരിയും കെട്ടി കിഴക്കുത്തോടാൻപുറകേ ഓടി, പിടിച്ചിരുത്തി; വായുടെ മൂക്കുടെ വല്ലതും ചെലുത്തി, ചാകാതെ കിടക്കണം്.

വാസ:—അപ്പോൾ തന്റെ യജമാനൻ ഈ സ്ഥലത്തു് ഒരു കലകൊമ്പൻ തന്നല്ലൊ.

ശങ്ക:—അതതേ—. പക്ഷെ ശാരദക്കുട്ടിക്കുഞ്ഞിനെക്കുറിച്ചു് വല്ല ആലോചനയോ മറേറാ ഉണ്ടെങ്കിൽ, എന്റെ പൊന്നങ്ങുന്നേ, അതിന്നു് ഏഴരാണ്ടൻ പിടിപ്പിക്കരുതേ. ഈ കൊച്ചങ്ങടെ മേലിൽ മനുഷ്യഗ്ഗണം തൊട്ടുതെറിച്ചിട്ടില്ല. നാളെക്കാലത്തു് അങ്ങു നടക്കുന്ന പടയുംതന്നെ-പോക്രുല്യോവ്യന്നു സംശയമുണ്ടു്.

(ഇന്ദുശേഖരൻ പെട്ടന്നവേ പ്രവേശിക്കുന്നു)

ഇന്ദുശേഖർ:—എടോ ശാരേ! ആ വിധവാവിവാഹസംഘം മെമ്പറന്മാരിൽ നാലഞ്ചുപേർ വരുന്നു— അമ്മാവൻ ഇരുന്നു് വല്ലതും വായിക്കാത്തതെന്തു്? (വർത്തമാനക്കടലാസ്സുകളം നീക്കി വെയ്ക്കുന്നു) മൂത്താനെന്തെടോ കണ്ണുംപട്ട നില്ക്കുന്നതു്? കഷ്ടമല്ലേ അമ്മാവാ!—ആ ദിവാൻ ബഹദ്ദൂർ വെങ്കലപ്പാരായർ മഹാധീരൻ—ധീരോദാത്തൻ! പരീക്ഷാഫലം ഒരാഴ്ചയ്ക്കകം അറിയാം. വയസ്സ് മുപ്പത്തിനാലേയുള്ളു —പോകവെടോ;

ശങ്ക:—ഞാൻ എന്തുവേണം കുഞ്ഞേ? അതു പറയാതെ ഞാൻ എങ്ങനെ പോകും?

ഇന്ദു.—താഴത്തെ മുറി മീററിങ്ങിനായി ഒരുക്കു. ഇത്ര കാപ്പിയും—(ശങ്കുണ്ണൂർ പോകാൻ തുടങ്ങുന്നു) നിൽക്കെടൊ, മീററിങ്ങ് വയ്യിട്ടാണു്.

Digitized By Kerala Sahitya Akademi

ശങ്കു:—വസ്ത്രം വലിയങ്ങനെ പോകുന്നു. അതു് അനുഷ്ഠിക്കുമോ, നിങ്ങടെ പടേനിക്കു് ഒക്കുമോ?

ഇന്ദു:—ഇന്നു പോകയേ അമ്മാവാ!

ശങ്കു:—ഇവരിപ്പോൾ ഇനി പടവെട്ടു തുടങ്ങും. മററുള്ളവൻ കാണണ്ട. (പോകുന്നു)

ഇന്ദു:—എന്താ അമ്മാവാ, ദിവാൻ ബഹദൂർ രായരെ കാണേണ്ടയൊ? ബാരിസ്റ്റർ ഗോന്ദുക്കാരണവർ എന്തു ചാണക്യൻ, ബിസ്മാർക്കു്. അദ്ദേഹം ഇന്നത്തെ മീററിങ്ങിനെത്തും.

വാസു:—നിങ്ങടെ കൂട്ടത്തിലൊന്നും ഞാനില്ല. നമ്മുടെ ആദർശങ്ങൾ ഭിന്നമാർഗ്ഗങ്ങളിലാണു്.

ഇന്ദു:—(ആത്മഗതം) അമ്മാവൻ പോർവിളിക്കുള്ള തിട്ടൂരം തയ്യാറാക്കിത്തുടങ്ങി. ഇനി പുത്തൻ പഠിപ്പുകാരെ ശപിച്ചുതുടങ്ങും.

വാസു:—ഞാൻ പറയേണ്ടതെല്ലാം പറഞ്ഞു കഴിഞ്ഞു. തന്നുക്കള്ളിലെ വിവാഹത്തിൻെറ ഗുണം നീ മനസ്സിലാക്കുന്നില്ല. അമ്മാവൻെറ മകൾ അനന്തരവൻെറ "മുറ ഭാര്യ" എന്നു്—

ഇന്ദു:—വർഷകാലത്തെ ഗംഗാപ്രവാഹംപോലുള്ള കാലഗതി ആ ആചാരങ്ങളെയെല്ലാം റദ്ദാക്കിക്കളഞ്ഞു.

വാസു:—ശരി അപ്പനേ നിൻ്റെ കാലത്തു് കണ്ണാടിക്കാർ വർദ്ധിക്കുന്നു. തറവാട്ടപുഷ്ടിയെ സംരക്ഷിക്കുന്നതുകൊണ്ടു് അവനവനും സമുദായത്തിനുമുള്ള ഗുണം കാണ്മാനും ഗ്രഹിപ്പാനും നിങ്ങൾക്കു സാധിക്കയില്ല.

ഇന്ദു—അമ്മാവൻെറ പൂർവ്വികന്മാർ അമ്മാവൻ കൂട്ടരെക്കുറിച്ചും ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കാം.

Digitized By Kerala Sahitya Akademi

വാസു:—മുറണ്ടിന്ന് മരുന്നില്ല മന്ത്രവുമില്ല.

ഇന്ദു:—ആദൎശവികാസത്തെ ഇങ്ങനെ ഭത്സിക്കരുതു്.

വാസു:—അതുപോട്ടെ. നീ നിൻെറ അച്ഛനോടൊന്നിച്ച് ഈ സ്ഥലത്തുപോന്നു; അമ്മ മരിച്ചു; അച്ഛനും മരിച്ചു കൊല്ലവും നാലഞ്ചായി. ഇനിയെങ്കിലും നീ അങ്ങോട്ടുപോന്നു് സ്വജനങ്ങളെ കാണുക. ഇതല്ലല്ലൊ നിൻെറ ജന്മഭൂമി.

ഇന്ദു:—എൻെറ സ്വജനമെന്നതിൻെറ സംഖ്യ അമ്മാവൻ എന്ന ആദ്യസംഖ്യയിൽ അവസാനിക്കുന്നല്ലൊ: അവിടുത്തെ കാണുകയും ചെയ്തു.

വാസു:—ശീലവതി, രൂപവതി, കുലവതി, ഈ ലക്ഷണങ്ങൾ ചേൎന്ന ഒരു കന്യകയുടെ ഭൎത്താവാകുന്ന ഭാഗ്യവാൻ, സുകൃതി—

ഇന്ദു:—അമ്മാവൻ ഉദ്ദേശിക്കുന്ന ഭാഗ്യനില കിട്ടാൻ ഞാനൊഴികെയുള്ള യുവലോകം തിരുവിതാംകൂറിൽ നഷ്ടമായിപ്പോയോ?

വാസു:—നല്ല വിവേകമുള്ള ഒരു അനന്തരവൻെറ നഷ്ടം മാത്രം ഞാനിപ്പോൾ കാണുന്നു.

ഇന്ദു:—അമ്മാവൻെറ ഇഷ്ടമനുസരിക്കയാണു് വിവേകത്തിൻെറ തോതെന്നു വരികിൽ—

വാസു:—നില്ക്കു്. നീ അങ്ങോട്ടു പോരുന്നോ?

ഇന്ദു:—ഞാൻ ഒരു ജീവിതശ്രമം വരിച്ചുപോയി. അതിനെ ഉപേക്ഷിച്ചു് എങ്ങോട്ടും പോരാൻ—

വാസു:—(ചെവി പൊത്തിക്കൊണ്ടു്) നീ ഭൂമിയെ എടുത്തു് പന്താടു്. സമുദ്രം കുടിച്ചു വററിക്കു്. ആ അത്ഭുതകൎമ്മങ്ങളിൽ കാഴ്ചക്കാരനാകാൻ ഞാൻ ആളല്ല, ശാരദയെ ഞാൻ നിനക്കായി ഉദ്ദേശിച്ചു്

Digitized By Kerala Sahitya Akademi

വിദ്യാഭ്യാസത്തിൽ വേണ്ട പണവും ചെലവു ചെയ്തു—

ഇന്ദു:—അവൾക്കു് നല്ല സുഭഗൻ ഭർത്താവു കിട്ടട്ടെ. അമ്മാവൻ ഒരു പതിനായിരം കൊടുക്കുക സ്ത്രീധനമായി. ഞാനും അത്രയും സംഖ്യയുടെ സമ്മാനംകൊണ്ടു് അവളെ ആകർഷണീയയാക്കാം. എന്നാലും ബാലവിവാഹം എന്തു പരമാസുരം! സമുദായത്തിലെ പരിഷ്കാര രാക്ഷസന്മാർ ആ ആചാരത്തിന്റെ മൂലഛേദം വരുത്താൻ ജടാവല്ക്കലം ധരിച്ചിരിക്കുന്നു. കാലചിഹ്നങ്ങൾ അമ്മാവൻ സൂക്ഷിക്കുന്നില്ല. ഹിന്ദുക്കളുടെ തന്ത്രശീലം അതീതകാലത്തെ പുരാണശകലം ആയിപ്പോയിരിക്കുന്നു.

വാസു:—ശാരദയ്ക്കു വയസ്സു പതിന്നേഴായി—

ഇന്ദു:—എന്റെ മതം ഖണ്ഡിച്ചു പറഞ്ഞേക്കാം അമ്മാവാ. ഭാര്യാഭർത്താക്കന്മാർ തുല്യവയസ്കരായിരിക്കണം. ഭാര്യാസ്ഥാനം ദാസ്യമായിക്കൂടാ. ലോകദൃഷ്ടികൾ നല്ലവണ്ണം തുറന്നു വരുന്നു. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്ഥാനവ്യത്യാസം എന്തു പരമാന്ധ്യം! പഞ്ചമത്വം എന്നുള്ള നൈകൃഷ്ട്യം ശ്രേഷ്ഠജാതികളിലും സ്ത്രീകളെ സംബന്ധിച്ചിടത്തോളം അനുവർത്തിക്കപ്പെടുന്നു. ഈ നീചാചാരത്തെ ധ്വംസിപ്പാൻ സാധിക്കുമോ എന്നുനോക്കട്ടെ.

വാസു:—വയസ്സിലോ ശരീരസ്ഥിതിയിലോ തുല്യത വേണ്ടതു്? നീ ഈ പരിഷ്കാരജ്വരംകൊണ്ടോ ശങ്കുണ്ണിയുടെ പരിചരണക്രമത്താലോ ശരീരസ്ഥിതിയിൽ ശാരദയെക്കാൾ താഴ്ന്ന റാങ്കുകാരനായി കാണുന്നു.

Digitized By Kerala Sahitya Akademi

ഇന്ദു:—എന്നാൽതന്നെയോ? പ്രണയം കരകൌശലം കൊണ്ടോ ലൌകികമന്ത്രംകൊണ്ടോ നിർമ്മിക്കാവുന്നതല്ല—

വാസു!—നിന്റെ പഴംപാട്ടുകൾ പുകയത്തുകെട്ടിവച്ചേയ്ക്കു്.

ഇന്ദു:—നാം രണ്ടുപേരുടേയും ആംഗിൾ ആഫ് വിഷ്യൻ* ഒന്നല്ല—

വാസു:—(ഹാസ്യമായി) ശരിതന്നെ ഛേ! തന്റേതു് ത്രികോണന്നാണ്! വെച്ചു ത്ര്യംബകപൂജ ചെയ്തുകൊണ്ടിരിക്കു. വസ്ഗമിത്രതന്നെയെങ്കിലും, എന്റെ മാധവൻ എത്ര ഭേദം! "നയ്യർ" എന്നൊരു പുത്തൻ സ്ഥാനം അവന്റെ മനോധർമ്മം കണ്ടുപിടിച്ചിരിക്കുന്നു. താൻ "ശചീശനാഥബാനജി" യാണെന്നു പറഞ്ഞു് പ്രസംഗിച്ചോണ്ടു നടക്കയും ചെയ്യുന്നു. എങ്കിലും കാര്യംവിട്ടു കളിക്കുകയില്ല.

ഇന്ദു:—ആ കുട്ടിബക്കിനെ ഇങ്ങോട്ടു വിട്ടേക്കണം. ഞാൻ എന്റെ സ്വന്ത ചെലവിന്മേൽ ശീമയിൽകൊണ്ടുപോയിപഠിപ്പിച്ചു വിട്ടേക്കാം. ശാരദാപരിഗ്രഹണത്താൽ മറേറതൊരു യുവാവെങ്കിലും അനുഗ്രഹീതനാകട്ടെ.

വാസു:—സ്വത്തുകൾ ഇങ്ങനെ ശകലിച്ചുപോകാൻ വഴികൾ കരുതരുതു്. നിന്റെ അച്ഛൻ തന്നതും നമ്മുടെ തറവാട്ടുവകയും എന്റെ സമ്പാദ്യവും ചേന്നു് നിന്റെ അധീനത്തിലായി, പരിപൂത്തിയായ നിന്റെ വിദ്യാഭ്യാസത്തോടുകൂടി, നീ തിരുവിതാംകൂറിൽ താമസിച്ചു തുടങ്ങുമ്പോൾ, എന്തു് ഇന്ദ്ര

* വീക്ഷാന്തരതി.

Digitized By Kerala Sahitya Akademi

പ്രഭാവത്തോടും പ്രതാപത്തോടും നിന്റെ പരിഷ്കാരാഗ്രഹങ്ങളെ ജന്മഭൂമിക്കു് ഉപകരിക്കുമാറു് വിജയാപ്തിയോടും പ്രയോഗിക്കാമെന്നോ!

ഇന്ദു:—മനുഷ്യർ സ്വതസ്സ്പഷ്ടമായ പൌരുഷത്തോടുകൂടിയവരായിരിക്കണം. അമ്മാവന്റെ സമ്പാദ്യങ്ങളിൽ സ്ത്രീധനസംഖ്യ നീക്കിയുള്ളതു കൊടുത്തു് മാധവനെ ഒരു മുതലാളനാക്കുക. ശാരദയെ അവൾക്കു കിട്ടുന്ന ഭർത്താവു് രക്ഷിക്കണം.
(ശങ്കരശ്ശാർ ചുമച്ചുകൊണ്ടും, സ്ഥിതികൾ നോക്കി, പ്രവേശിക്കുന്നു)

വാസ:—എന്തോന്നാ കുവേ, മദ്രാസിലെ കാററു് തന്നെ ചെറുപ്പമാക്കുന്നല്ലോ!

ശങ്ക:—ഒന്നുമില്ലേ—

വാസു:—പിന്നെന്താണിത്ര ജലദോഷച്ചുമ?

ശങ്ക:—കശിനിപ്പുരയിലെ പൊക കൊണ്ടിട്ടായിരിക്കാം. (ഇന്ദുശേഖരനോടു്) മേനോനദ്ദേഹം വന്നു്—

വാസു:—ഏതു മേനോൻ?

ശങ്ക:—ശീമയിപ്പോയി പാററക്കോലായിട്ടു് എല്ലാം പൊളിക്കാൻ വന്നിരിക്കുന്ന ഒരു ബലഭദ്രരു്.

ഇന്ദു:—ഛെ, അടുക്കളത്തുണ്ണാ! (വാസുദേവൻപിള്ളയോടും) ഞാൻ മുമ്പു പറഞ്ഞ മിസ്റ്റർ ഗോവിന്ദമേനോൻ ബാരിസ്റ്റർ–അററ്–ലായാണു്. ഞങ്ങളെല്ലാം റെക്കഗ്നൈസ് ചെയ്തിരിക്കുന്ന* ഒരു ലിഡർ** —വിശാലഹൃദയൻ—എന്തു് ഗ്രന്ഥപരിചയക്കാരൻ! (ശങ്കരശ്ശാരോടു്) അവിടെ തറഞ്ഞു നില്ക്കാതെ

* സമ്മതിച്ചു സ്വീകരിക്കുന്ന. ** നേതാവു്.

Digitized By Kerala Sahitya Akademi

വേഗം പോയി അദ്ദേഹത്തെ ഇങ്ങോട്ടുതന്നെ വരാൻ പറയൂ.

ശങ്കു:—അദ്ദേഹം എപ്പഴേ പോയി.

ഇന്ദി:—ഇയ്യാളുടെ വങ്കത്തനംകൊണ്ടു് പൊറുതിയില്ല—

ശങ്കു:—ഇവിടുത്തെ കുരുത്തക്കേടൊന്നും അന്ന്യേരു കേൾക്കണ്ടാ എന്നുവച്ചു് ചറുക്കുവെച്ചതിനു്, ഇതാണോ സമ്മാനം? ഇനി ഞാനും കുറച്ചു വങ്കാളത്തനം പഠിക്കണമെന്നോ?

ഇന്ദു:—താൻ കാര്യസ്ഥൻതന്നെ ക്രൂവേ—ഒന്നും പഠിക്കേണ്ട.

വാസു:—നീതന്നെ ഓടിപ്പോയി അദ്ദേഹത്തെ വിളിക്കു്. ഞാൻ പരിചയപ്പെട്ടുകൊള്ളട്ടെ.

ശങ്കു:—ഞാൻ വിളിക്കാം. (പോകുന്നു)

വാസു:—നീ കൂടിചെല്ലു്—അതാണു് മര്യാദ.

(ഇന്ദുശേഖരൻ പോകുന്നു)

വാസു:—(ആത്മഗതം) ആ പുള്ളിയുടെ മാററു് ഒന്നുരച്ചു നോക്കട്ടെ. തോററു മടങ്ങുന്നതു വിചാരിക്കുമ്പോൾ അകംപോലും വിയക്കുന്നു. ഹാ! തറവാട്ടു് കുടുംബസ്വത്തു്, സ്വരാജ്യം, സ്വസമുദായനില, ഇതെല്ലാം കുരുതാണ്ടു് വെറും ആകാശപ്രകാശത്തെ കുപ്പിയിലാക്കാൻ സാഹസപ്പെടുന്ന ഈ കുട്ടികളുടെ കഥ—കഷ്ടം!

കർട്ടൻ

Digitized By Kerala Sahitya Akademi

## രംഗം 2

### തിരുവനന്തപുരത്തു വാസുദേവൻ പിള്ളയുടെ ഭവനത്തിൽ ശാരദയുടെ മുറി.

(ശാരദ മുഖം കഴുകിക്കൊണ്ടിരിക്കുന്നു. മാധവൻ ഹാറ്റു് ചെരിഞ്ഞു് ഒരുവശത്തോട്ടു് ചെരിഞ്ഞു്, ധാരമട്ടിൽ നോക്കി പ്രവേശിക്കുന്നു.)

മാധവൻ:—(ഇംഗ്ലീഷ് മട്ടിൽ ഗാനം)—ഓ—ഹൊ—ഹൊഹഹാ!

ശാരദ:—എന്താ മാധവൻകുട്ടി ഈ ലഹള? അച്ഛൻ കേട്ടാൽ നമ്മുടെ നെഞ്ചുംകൂടെ.

മാധ:—(ഇംഗ്ലീഷ് സ്വരത്തിൽ) വ്ഹ്യ! ഐ തയാറിങ് മദ്രാസ് രംഗനാഥാ — മദ്രാസിലേക്കു് തെയ്യാർ ചെയ്യുന്നു. അവിടത്തെ മഹിലാസമുദായം, അംഭോനിധി സ്ഥിതികൾ ആയ, തിമിംഗലഗ്രാഹ, ഇത്യാദി വർഗ്ഗ ശാരദാദേവി—

ശാര:—എന്റെ വാനവർജി! മിണ്ടാതിരുന്നില്ലെങ്കിൽ നമ്മൾ പരീക്ഷയിൽ തോററുപോകട്ടെ എന്നു ഞാൻ വഴിവാട്ട നേരും.

മാധ:—(ഇംഗ്ലീഷ് മട്ടിൽ ഗാനം) ഐ വെരി ഗുഡ് ബായി —വെരിഗുഡ് വെരി ഗുഡ് അപ്പാ ബെറാബെർ ബായി—

ശാര:—(എഴുന്നേററ്) ഞാനിതാ പോകുന്നു. ഈ താളമില്ലാ തംബുറ് കേൾക്കാൻ ഒരു സുഖവുമില്ല.

മാധ:—അപവാദം പറയരുതു്. മയി മറിയാദറാം ഹയെ! അപ്പുഴ അക്കാ (ഗാനം) "ഇന്ദുകുലൊജ്ജ്വല മണിയാം—ഇന്ദ്രസുതൻ മാധവിയാം—സുന്ദരിയിൽ കൊതി പെരുകി—ചൂതശരാത്തിയിൽ

Digitized By Kerala Sahitya Akademi

മുഴുകി" മദ്രാസിൽ പാൎക്കുന്ന സന്യാസി, ഇന്ദുശേഖരച്ചേട്ടനോ ഗോവിന്ദമേനോൻ ബാരിസ്റ്റർ അവർകളോ?

ശാര:—ഇതെന്തരനൎത്ഥമായി!

മാധ:—(ഗാനം) "മല്ലാരി സഖി മാധവൻ—അല്ലൽ തീൎത്തിടാൻ—മല്ലൻ—വല്ലഭൻ—കല്ല്യൻ." അതുകൊണ്ടു് ഈ ബാനർജിയെക്കൂടി മദ്രാസിലേക്കു് കൊണ്ടുപോകാൻ എന്റെ സിസ്റ്റർ ശുപാർശ ചെയ്യൂ. അവിടുത്തെ പ്രസംഗരംഗങ്ങളെല്ലാം ഇവന്റെ വാഗ്ധാടികൊണ്ടു് പൊടിപെടുത്തു് കരിങ്കടലിലാക്കുന്നുണ്ടു്.

ശാര:—ഞാൻ അമ്മയെ വിളിക്കും.

മാധ:—ആ കക്ഷിയുടെ അനുക്രൂലഗ്രഹങ്ങൾക്കായി ഇവനും പ്രാൎത്ഥിക്കാം. വഴിച്ചിലവിനായൊരുക്കിയിട്ടുള്ള ലാഡുഗോളങ്ങൾ ഇവന്റെ നേത്രചക്രത്തിൽ ചരിച്ചു തുടങ്ങാത്തതു് ലോകസ്തംഭനത്തിനു സംഗതിയായേക്കാം. വധൂലോകത്തിനു് പാചകശാലാമണ്ഡലത്തിൽ കിട്ടിയിട്ടുള്ള സാമ്രാഡ്പദം "സ്വാഹഃ" എന്നു് പുരുഷശാപത്തീയിൽ ദഹിച്ചില്ലാതെ ഭൂമിയിൽ മത്സരകലാപങ്ങൾ, നിഷ്കൃതിനികരങ്ങൾ, ദുൎമ്മദപ്രമത്തതകൾ എന്നിവ അവസാനിക്കുകയില്ല.

ശാര:—ഇതു് ആ കടപ്പുറത്തെങ്ങാനും ചെന്നു പ്രയോഗിച്ചെങ്കിൽ സമുദ്രത്തിന്റെ തിരമുഴക്കപ്പണിക്കു് സഹായമായിത്തീരുമായിരുന്നു.

മാധ:—ഏററവും ശരി. ശാരദയക്കനിലും സഹജന്റെ വാഗ്മിതം പ്രകാശിച്ചു തുടങ്ങുന്നു. എന്നാൽ ഒരു

Digitized By Kerala Sahitya Akademi

ണ്ടുന്നപാഠശകലംകൂടി അഭ്യസിച്ചിരിക്കുക. "മധുരം ചേന്നതാം ദ്രവ്യം—കഫാല്ലാം സവ്വതോ മതം".

ശാര:—അയ്യോ! ഇതെല്ലാം കേട്ടു് തല പൊളിയുന്നു.

മാധ:—അയ്യോ! സഹോദരി! സഹപരീക്ഷക്ലാസിനി! ഇവനെ ബന്ധുവായി വരിച്ചുകൊള്ളൂ. എന്നാൽ— (ഗാനം) "ജഗൽപതിയും, രതിപതിയും തവ കൊതിയുള്ളൊരുപതി വരുമേ". മോഹാലസ്യപ്പെടരുതു്. അതിനെ ആധുനിക ഭിഷക്കുകൾ അപസ്മാരമെന്നു് അപഹസിക്കും. അച്ഛന്റെയും അമ്മയുടേയും കാൺസ്പിറസി* യുടെ സാരമെന്തെന്നു് ഞാൻകൂടി അറിയട്ടെ. മഹാഭാഗധേയനായുള്ള നമ്മുടെ അച്ഛൻ ഈഷ്യാകലുഷനായി, സങ്കുചിതമുഖനായി മദ്രാസിൽനിന്നു മടങ്ങുവാൻ എന്തു ബന്ധം? അമ്മയോടൊന്നിച്ചു് അഹോരാത്രഗൂഢാലോചന തുടരുന്നതിൽ എന്തു സാരം? മദ്രാസിലേക്കുള്ള യാത്രയിൽ ഈ വാഗ്മീശതിലകത്തിന്റെ സഹഗമനത്തെ പ്രാത്ഥിക്കാതിരിപ്പാനെന്തു ബന്ധം?

ശാര:—കുട്ടികളായാൽ ലജ്ജിക്കുന്നതു് കുറേശ്ശ അറിയണം.

മാധ:—ഷ്യ! ശാരദജ്യേഷ്ഠത്തിക്കു് വയസ്സു് പതിനേഴെന്നു വിളികൊള്ളുന്നെങ്കിൽ, മാസ്റ്റർ നയ്യർ ബുദ്ധിവികാസവും, പ്രതിഭാ വിശേഷവുംകൊണ്ടു് പൌരുഷവേദിയിലേക്കുള്ള നെട്ടംകുപ്പായം ധരിപ്പാൻ അവകാശിയായിരിക്കുന്നു. പിന്നെയോ, ലോകസ്മൃതി എങ്ങനെ എന്നു കേൾക്കു.

---

* ഗൂഢാലോചന.

Digitized By Kerala Sahitya Akademi

"ന്യായക്കേടുവിധിച്ചീടും—അച്ഛൻചാച്ചന്മാരെല്ലാടോ
ത്തൂത്തുകമ്മം തുടങ്ങുന്നോരച്ഛന്റെ ശാസ്ത്യങ്ങളും",
ഈ ബുദ്ധിചാതുര്യത്തിനു ഫീയർ! ഫീയർ പറ
യാണു് ഇരിക്കുന്നല്ലോ. "തോട്ടിൻ കരയ്ക്കു ഒരു
ഭാഗ്യം—ക്രൂട്ടം മൃദുല വല്ലികേ!" ഹററ; ഹൈററ
അങ്ങനെ ദന്തമുകുളവെണ്മ പ്രദർശിപ്പിച്ചാലും.

ശാര:—ഇവിടെ നിന്നു് ഇങ്ങനെ വിട്ടുപോ പറയരുതു്?
എനിക്കെന്തോ സുഖക്കേടിന്റെ ആരംഭമുണ്ടെന്നു
വിചാരിച്ചു്, അച്ഛൻ മദ്രാസിലേക്കു് കൊണ്ടു
പോകുന്നതാണെന്നു തോന്നുന്നു.

മാധ:—ഡാക്ടർ നായർ ഇവിടെയല്ലേ ഇപ്പോൾ ഇരിക്കു
ന്നതു്? ഓ! സ്പെഷ്യലിസ്റ്റ് ഇന്ദുശേഖരദേവൻ
ആയിരിക്കാം. അഥവാ, മദ്രാസിലെ പ്രസിദ്ധ
ബാരിസ്റ്റർ മിസ്റ്റർ ഗോവിന്ദമേനോൻ—

ശാര:—എന്തൊന്നു് മാധവാ! ഇതു്, നിലയും മര്യാദയും
കെട്ടു് സംസാരിക്കുന്നതു്? വല്ലോരും കേട്ടാൽ
നമ്മുടെ പഠിപ്പിനെക്കുറിച്ചു് എന്തു് വിചാ
രിക്കും?

മാധ:—ഞങ്ങളുടെ ഗുരുനാഥന്മാർ മദയാമകളല്ല ഘോര
സമരത്തിനും ക്ഷണിക്കപ്പെടുന്ന വിശാലവക്ഷസ്സു
ന്മാരാണു് ആരു് കേട്ടാലും മിസ്റ്റർ മാധവൻ
നായർ ജെൻറിൽമാൻ, പണ്ഡിതപടു, എന്നു്
വിധിക്കും.

ശാര:—എത്ര നേരമായി എന്റെ അടുത്തു് ീരു ആട്ടം
ആടി എന്നെ വിഷമിപ്പിക്കുന്നു!—ആട്ടെ, അധിക
പ്രസംഗത്തിനു് ചോദ്യം ചെയ്യാൻ ആളുണ്ടോ
എന്നു് നോക്കട്ടെ. അമ്മേ!

Digitized By Kerala Sahitya Akademi

മാധ:—(ഗാനം) "കിട്ടിപ്പോയ്, കിട്ടിപ്പോയ്, ലഡ്ഡുകൾ രണ്ടും കിട്ടിപ്പോയ്—തൊട്ടിൻ കരയുടെ സൌഭാഗ്യം കൂട്ടം നല്ലൊരു മധുവല്ലി!—കൂട്ടം നല്ലൊരു മധുവല്ലി!"

(അമർത്തിയ ചിരിയോടുകൂടി ഭഗവതിപ്പിള്ള അമ്മ പ്രവേശിക്കുന്നു)

ഭഗവതിപ്പിള്ള:—എന്റെ മാധവാ! നിനക്കു രണ്ടു കിട്ടേണ്ടതുതന്നെ പക്ഷേ ലഡ്ഡുവല്ല. നിങ്ങളുടെ സ്കൂളിൽ അഭ്യസിക്കുന്ന ഒതുക്കവും വണക്കവും ഇതാണോ?

മാധ:—അമ്മേ! ഈ ലഹളക്കാരിയെ മദ്രാസിലേക്ക് കൊണ്ടുപോകേണ്ട. പുകവണ്ടികൾ പൊടിഞ്ഞു പോകും. രണ്ടാമതൊരു "എഞ്ചിൻ" ചെല്ലുന്നു എന്നു മദ്രാസ് നഗരവാസികൾ ഓടിക്കളയും. അധികൃതന്മാർ നിങ്ങളെ പിടിക്കൂടി ഇങ്ങോട്ട് തിരികെ ബന്ധം കെട്ടിക്കും. ചികിത്സിപ്പിക്കണമെങ്കിൽ എന്നെ കൊണ്ടുപോകണം. വഴിയിൽ നല്ലൊരു വിദഗ്ദ്ധൻ വക്കീലുമായിരിക്കും. എന്നുമാത്രമല്ലാ, അഭീഷ്ടങ്ങളെല്ലാം കൈവരികയും ചെയ്യും.

ഭഗ:—ഈ അധികപ്രസംഗം അവിടെച്ചിലവാകുകയില്ല.

മാധ:—മകളുടെ "കുസുമേകുസുമോൽപ്പത്തി" പ്രഭാവമോ?

ഭഗ:—(മകനെ അടിക്കുവാൻ വട്ടമിട്ടു ഓങ്ങിക്കുന്നു)

മാധ:—(ചുററി ഓടുന്നതിനിടയിൽ) അമ്മേ! കൊല്ലരുതേ. മറവർ ശല്യം തിരുവനന്തപുരത്തു തുടങ്ങിയിട്ടുണ്ട്.

Digitized By Kerala Sahitya Akademi

ഭഗ:—(മാറുന്നതിന്നിടയിൽ) നില്ക്കു് അവിടെ.

മാധ:—പോർട്ട്മാന്റോവിലെ മധുരദ്രവ്യങ്ങൾ ചോൎന്നു പോകും.

ഭഗ:—ശാരദേ! ഇങ്ങോട്ടു പിടിക്കു്.

മാധ:—അയ്യോ! "വന്ദേമാതരം". ഏകച്ഛത്രാധിപത്യത്തെ അവസാനിപ്പിപ്പാൻ "ഹോംറൂൾക്കൊടി" ഉയൎത്തി, "വിശ്വാന്തമ്മ" ലോകവിഭ്രമണം ചെയ്തിയങ്ങുമ്പോൾ, അമ്മ അടുപ്പുംകെട പ്രമാണക്കാരിയായി ഇങ്ങനെ "ധീമോസ്മൂൎത്തി"*യെ ധ്വംസിക്കുന്നതു് പരിഷ്കാരദ്രോഹമല്ലേ?

ഭഗ:—(മാധവനെ പിടിപ്പാനുള്ള ശ്രമത്തിൽ നിന്നു് വിരമിച്ചു്) ആട്ടെ. ഈ അഹങ്കാരം നിന്റെ അച്ഛൻ അറിയട്ടെ. അദ്ദേഹത്തിന്റെ ആജ്ഞ നമുക്കെല്ലാം നിയമം അല്ലെന്നു നീ വിചാരിക്കുന്നെങ്കിൽ അങ്ങോട്ടുതന്നെ പറഞ്ഞേക്കു്. (പോകാൻ തുടങ്ങുന്നു)

ശാര:—ഇപ്പോൾ ഒരാൾക്കു് കിട്ടുവാനുള്ള പ്രസന്റു് കിട്ടും അമ്മേ!

മാധ:—(അമ്മയെത്തടഞ്ഞിട്ടു്) ഭ്രൂസഞ്ചാരം ചെയ്തു് ബുദ്ധിക്കു് പരിഷ്കൃതി വരേണ്ടതു് പുരുഷന്മാൎക്കല്ലയോ? ശാരദജ്യേഷ്ഠത്തിയെ എന്തിനു് കൊണ്ടുപോകുന്നു? ആൎക്കു വില്പാൻ? ഇന്ദുച്ചേട്ടൻ അച്ഛന്റെ കൂടെ ഇങ്ങോട്ടു് വരാത്തതെന്തു്?

ഭഗ:—അമ്പോ! ഇതെന്തൊരു ചാട്ടം! മററുള്ളവരുടെ മൂച്ചു് മുട്ടിപ്പോയി. നിനക്കു് വല്ലതും അറിയണമെങ്കിൽ പെണ്ണുങ്ങളെ ഉപദ്രവിക്കാതെ ആണെപ്പോലെ അച്ഛന്റെ അടുത്തുപോയി ചോദിക്കു്.

---

* ധീമതാമൂൎത്തി.

Digitized By Kerala Sahitya Akademi

(വാസുദേവൻപിള്ള പ്രവേശിക്കുന്നു)

വാസു:—ഞാൻ ഇതാ വന്നുവല്ലോ. ബാനജിയുടെ പ്രസംഗവിഷയം എന്താണ്? ശാരദയുടെ മുഖം കറുപ്പിച്ചത് മദറോ, കൊച്ചു ബ്രദറോ?

മാധ:—(മദ്രാദക്കാരനായി) എത്ര ദിവസത്തെ താമസമുണ്ടച്ഛാ മദ്രാസിൽ?

വാസു:—അതല്ല പോയിന്റെറന്ന് നിങ്ങളുടെ മൂന്നു പേരുടെ മുഖവും പറയുന്നു.

മാധ:—ശാരദജ്യേഷ്ഠത്തി എന്നേക്കൂടി മദ്രാസിന്ന് ക്ഷണിച്ചു. അച്ഛനോട്ട് പറയുവാൻ ഞാൻ പറഞ്ഞപ്പോൾ എന്നെ ആണല്ലെന്നും—

ശാര:—എന്റെ ഭഗവാനേ! അച്ഛാ! ഇതൊന്നും വിശ്വസിക്കരുത്.

ഭഗ:—എന്റെ സർവ്വേശ്വരാ! നിന്നടത്തുനിന്ന് ഇവൻ വേഷം മാറുന്നത് കണ്ടില്ലേ? ഇതുവരെ ഉദ്ദണ്ഡശാസ്ത്രികൾ, ഇപ്പോൾ മദ്രാദരാമൻ.

ശാര:—അച്ഛാ! ഞാനൊന്നു പറയാം. അങ്ങോട്ടുകൂടി കൊണ്ടുപോകുന്നില്ലെങ്കിൽ—(മാധവനോട്ട്)എന്നെ നോക്കി ദഹിപ്പിക്കേണ്ട. (അച്ഛനോട്ട്) നാം തിരിച്ചുവരുമ്പോൾ ഈ വീടുണ്ടായിരിക്കയില്ല.

മാധ—ശാരദയുടെ സ്കൂളിൽ അതിശയോക്തിയാണോ നിർബ്ബന്ധവിഷയം?

ശാര:—പരിഹാസവും പരോപദ്രവുമല്ല.

വാസു:—ബാനർജി ശാരദയ്ക്കു് സഹിച്ചുകൂടാത്തത് എന്തോ ഇന്ന് പ്രവത്തിച്ചു. (ആത്മഗതം) മിസ്റ്റർ ഗോവിന്ദമേനോന്റെ ഉപദേശം സഫലമാക്കാൻ ഇവൻ ഉപയോഗപ്പെട്ടേക്കാം. അദ്ദേഹം ഒരുക്കുന്ന രംഗത്തിന്റെ പുഷ്ടിക്ക് ഇവൻ ഒരു നല്ല

Digitized By Kerala Sahitya Akademi

പാത്രമായിത്തീരും. അവിടെ കൊണ്ടുചെന്നു് എല്ലാവരേയും അങ്ങോട്ടു വിട്ടേക്കാം. ഇന്ദു സാധുവാണു്. അവന്റെ ഇഷ്ടപ്രകാരം പോകട്ടേ എന്നു വിട്ടുകളഞ്ഞാൽ അതു് കൃത്യവിലോപമായി ഞാൻ വ്യസനിക്കേണ്ടിവരും. (പ്രകാശം) ആലോചിച്ചു് നിന്നേക്കൂടി കൊണ്ടുപോകുന്ന കാൎയ്യം തീൎച്ചയാക്കാം. നിന്റെ ഡ്രസ്സെല്ലാം തയ്യാറാക്കിക്കൊൾക.

(പോകുന്നു)

മാധ:—(വിളംബരം വായിക്കുന്ന മട്ടിൽ) തിരുവിതാംകൂർ. തിരുനൽവേലി, മധുര, തഞ്ചാവൂർ, ചെങ്കൽപേട്ട എന്ന ജില്ലകളിലെ സകലമാനപേരും അറിയുവാൻ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ തിരുവിക്കൂറിലെ വിശ്വവിഖ്യാതവാഗീശ്വരപ്രധാനൻ, മഹാരാജരാജശ്രീ, ശ്രീമാൻ മാധവൻ നയ്യർ അവർകൾ തന്റെ പിതൃ മാതൃ സഹോദരീസമേതം—

ഗോ:—ഇനി ഇപ്പോൾ ഭ്രമിപ്പൊടിക്കും. ഞാൻ പോകുന്നു എന്റെ പാട്ടിനു്—(പോകുന്നു)

മാധ:—അക്കാ! അക്കന്റെ വേഷം ഞാൻ കെട്ടിക്കൊള്ളാം. അക്കൻ ഞാൻ ആയിട്ടൊന്നു പുറപ്പെടുക. അപ്പോൾ മദ്രാസിലുള്ള ഇന്ദുച്ചേട്ടൻ കൂട്ടർ എങ്ങനെ ഇളിഭ്യരാശികളാകുമെന്നോ! അതാ അച്ഛൻ വിളിക്കുന്നു—വരുന്നേ—വരുന്നേ—(ഓടുന്നു)

ശാര—എന്തെല്ലാമോ? അച്ഛൻ ധൎമ്മം അനുസരിക്കുന്നതിൽ സ്ഥിരനിഷ്ഠനാണു്. അപമാനത്തിൽ കലാശിക്കുന്ന ഒരു കൎമ്മം അദ്ദേഹം അനുഷ്ഠിക്കുകയില്ല.

കർട്ടൻ

Digitized By Kerala Sahitya Akademi

## രംഗം 3.

### ഇന്ദുശേഖരന്റെ പഠിപ്പുമുറി.

**(ഇന്ദുശേഖരൻ പുസ്തകവുമായിരുന്നു് ആത്മഗതം)**

"യുവവിവാഹം ശ്രേയോഹരം" എന്നാണു് നാരദി ഋഷിവചനം. എന്നാലും എത്രപേർ വിവാഹവലയിൽ ചാടി കുടുങ്ങിക്കൊള്ളുന്നു! എന്റെ മുമ്പിൽ ഉർവ്വശി തന്നെ പാർവ്വണേന്ദുമുഖിയായി വന്നാലും, നമ്മുടെ അർജ്ജുനത്വംകൊണ്ടു്, അല്ലാ—ശുകഷിതത്വംകൊണ്ടു് ആ അഭിസാരികയെ പാററപറപ്പിച്ചു കളയും. വിവാഹം അവനവന്റെ ഫ്രീ ചോയിസ്സ് (1) അനുസരിച്ചു നടക്കണം—അമ്മാവൻ എങ്ങോട്ടുപോയി മറഞ്ഞു? തൃപ്പതിയിൽചെന്നു് ഒന്നു തൊഴുതു വരുന്നേക്കാമെന്നു പറഞ്ഞു് പോയിട്ടു് ദിവസം പത്തായി. പരീക്ഷാഫലത്തെക്കുറിച്ചു കമ്പി അയച്ചിട്ടു് 'അമ്മാവൻ മദ്രാസിലുണ്ടല്ലൊ' എന്നു് അമ്മാവിയുടെ മറുപടി കമ്പിയും, ഇന്നിതാ എഴുത്തും, വന്നിരിക്കുന്നു. എന്നോടുള്ള ദേഷ്യം കൊണ്ടു് കാശിക്കോ മറേറാ പുറപ്പെട്ടുപൊയോ? എന്തോ? (പരിഹാസം ചുളിച്ചു്) എന്തായാലും അമ്മാവന്റെ മകളെ പരിഗ്രഹിക്കുകവിഷമം! അമ്മാവനോടു് കണക്കു ചോദിച്ചുകൂടാ; അമ്മാവിയെ വണങ്ങണം; ഭാര്യയെ പ്രത്യേകിച്ചു താലോലിക്കണം. എന്നല്ല അതിലെന്തു് നോവൽററി (2) ഉണ്ടു്? അങ്ങനെയുള്ള മൈഫീനൽ ബൊൺഡിൽ (3) സെലസ്റ്റിയൽ ഗ്രേസ് (4) ഷ്ഠ! അല്ലേ?

---

(1) സ്വാതന്ത്ര്യസ്വീകാരം (2) പുതുമ (3) പരിണയബന്ധം
(4) സ്വർഗ്ഗീയസൌരഭ്യം

Digitized By Kerala Sahitya Akademi

ഞങ്ങളുടെ ഈ ന്യൂസ്പിരിററ്(1) എന്നതു് എന്താണെന്നു് അമ്മാവൻ അറിയുന്നില്ല. ബൈജോവു്!(2) ശാരദയെ വേട്ട എന്നു വയ്ക്കുക. ഇംഗ്ലണ്ടിൽ ചെല്ലുമ്പോൾ ഐഡിയാസ് എക്സ്പാൻഡ്(3) ചെയ്യും. അപ്പോൾ ഒരു യൂറോപ്യൻ ലേഡി നമ്മുടെ ചിത്തത്തെ ആകർഷിച്ചാൽ? ഷൂ! അങ്ങനെയുള്ള അബദ്ധങ്ങൾ നോവൽസിൽ വായിച്ചിട്ടില്ലേ? ഈ ട്രാമൽ (4) ഇവിടെ കിടന്നിഴയ്ക്കും. നമ്മുടെ ബ്രോഡൻഡ് വിഷൻ (5) മറെറാരുവിധമായ കോൺജ്യൂഗൽ (6) ആനന്ദത്തെ കാംക്ഷിക്കും. വരട്ടെ, എന്തായാലും വരട്ടെ. രണത്തിലും വരണത്തിലും തിടുക്കം പ്രയോഗിച്ചാൽ അതു മരണത്തിൽ പരിണമിക്കും. അന്നു അമ്മാവൻപോയ ദിവസം മിസ്റ്റർ ഗോവിന്ദമേനവനോടു് നാലഞ്ചു നാഴിക സംസാരിച്ചുകൊണ്ടിരുന്നുവെന്നു് ശങ്കുസ്സാരു് പറഞ്ഞു. അദ്ദേഹത്തിനു് വശമല്ലാത്ത യന്ത്രത്തിരിപ്പു് ഭൂലോകം കണ്ടിട്ടില്ല. ഈ കിഴട്ടു കഴുവൻ ശങ്കുസ്സാരു് കാണാത്തതും ചിലപ്പോൾ കാണും.

(ശങ്കുസ്സാർ അകത്തോട്ടു കാലുവയ്ക്കുന്നു)

ഇന്ദു:—(അക്ഷമനായി) എന്തൊന്നാ ഭാവം? ഈ വേഷപ്രവേശം ഇപ്പോൾ ഇവിടെ ആവശ്യമില്ല.

ശങ്കു:—പേരുപറഞ്ഞു വിളിച്ചുന്നു തോന്നി. അതുകൊണ്ടു് വന്നതാണേ:—

ഇന്ദു:—ഇങ്ങടുത്തു വരൂ.

(ശങ്കുസ്സാർ മുന്നോട്ടു നീങ്ങിനില്ക്കുന്നു)

ഇന്ദു:—ആ ഗോവിന്ദമേനവനദ്ദേഹം—

(1) നവമായ ആത്മവൃത്തി (2) എൻറീശോ! (3) ആശയവിശാലത വർദ്ധിക്കും (4) ശൃംഖല (5) വിശാലത വർദ്ധിച്ച ദർശനം (6)ദാമ്പത്യം

Digitized By Kerala Sahitya Akademi

ശങ്ക:—(ഞെട്ടി) അയ്യോ പൊന്നു കൊച്ചുങ്ങുന്നേ! കൊല്ലി ക്കരുത! അദ്ദേഹം, മിണ്ടിപ്പോകരുതെന്നു് സത്യ ത്തിന്മേൽ സത്യം ചെയ്യിച്ചു് പ്രത്യേകം ഉത്തര വായിട്ടുണ്ടു്. നമുക്കെന്തു ദേവണമെന്നോ? അവർ ഏതു എച്ചിക്കഴിയിലെങ്കിലും ചാടി ഇലച്ചിന്തു നക്കിക്കൊള്ളട്ടെ. നല്ല ചെറുപ്പം; ചോരക്കൊ ഴുപ്പു്; ജയിക്കേണ്ട പരീക്ഷകൾ ജയിച്ചു; ചക്രം തെരുതെരെച്ചെന്നു ചൊരിയുണു. തോന്നുംപടി നടക്കട്ടു്. ചങ്കുച്ചാരും കൊച്ചുങ്ങുന്നും ഒക്കെ ഒന്നും അറിഞ്ഞിട്ടില്ലെന്നു ഭാവിച്ചു് കളയണം.

ഇന്ദു:—(ആത്മഗതം) ഇയ്യാൾ ഇപ്പോൾപ്പറയുന്നതു് അമ്മാവനോടു് സംസാരിച്ചതിനെപ്പററിയല്ലാ; മിസ്റ്റർ ഗോവിന്ദമേനോൻ എന്തോ പോരാത്ത കച്ചവടത്തിൽ പ്രവേശിച്ചു—അതെന്തോ ഇയ്യാൾ അറിഞ്ഞിട്ടുണ്ടു്. ഇയ്യാളെക്കൊണ്ടു് സമ്പ്രദായ ത്തിൽ പരമാത്ഥം ഛർദ്ദിപ്പിക്കണം. (ഗൌരവഭാവ ത്തിൽ പ്രകാശം.) ശങ്കുച്ചാരേ! അദ്ദേഹം വലിയ ആളാ ണു്. പക്ഷേ സമ്പ്രദായങ്ങൾ ഒരു—ഒരു ഒരു വിധത്തിൽ—ചിലതെല്ലാം ഞാനും കുറേശ്ശ അറി ഞ്ഞിട്ടുണ്ടു്. അമ്മാവൻ തൃപ്പതിയിൽനിന്നു വരു മ്പോൾ, ഇതും മററുമൊന്നും പറഞ്ഞു കളയരുതു്. ബാരിസ്റ്റർദ്ദേഹം ഒരു ജ്യേഷ്ഠന്റെ സ്ഥാനത്തു എന്നെത്താങ്ങി നടത്തുന്നു. ഞങ്ങൾ പരസ്പരം ഒളിച്ചു് ഒരു കാര്യവുമില്ല.

ശങ്ക:—അമ്പേ! എന്തൊരു വങ്കാളക്കന്നൻ! ഇവിടെങ്ങും മിണ്ടിപ്പോകരുതെന്നു് എത്ര സത്യവും ആണയും ഇടീച്ചു! അപ്പോൾ ആ ചിന്താദ്രിപ്പേട്ടയിലെ

Digitized By Kerala Sahitya Akademi

കച്ചവട്ടത്തിൽ കൊച്ചുങ്ങളും പങ്കുകാരൻ തന്നെയോ?

ഇന്ദു:—(ശാന്തസംവേഗത്തോടെ ആത്മഗതം) ചിന്താദ്രിയോ? ഇപ്പോൾ ചിന്താപാതാളമാണു് ഇയ്യാൾ കാട്ടുന്നതു്. ഞാൻ പങ്കുകാരനോ? (പ്രകാശം) ഛ! ച്ഛ! ച്ഛി! പങ്കുകാരനും മററുമല്ല. നടക്കട്ടേന്നു്. നമുക്കെന്തു്?

ശങ്കു:—അവിടുത്തെ പട്ടാളക്കാരികളു്, കൊച്ചും വല്യതും, (ഞെഞ്ഞത്തടിച്ചിട്ടു്) അമ്പടിയോ! നിങ്ങളുടെ കണ്ണിനിണങ്ങണതു്—ചങ്കുച്ചാരുപോലെ. ഛേ, ശ്ശേ, ശ്ശേ! അവിടെ എഴുതിവച്ചിരിക്കണ ഇന്നലെ മുതൽ, "പെണ്ണുങ്ങടെ അഴിച്ചു വിടലു് കവാത്തുശാല" എന്നു്.

ഇന്ദു:—(ആത്മഗതം) ഇയ്യാൾ പറയുന്നതെന്തൊന്നു്? ഞാൻ ആ വഴിയ്ക്കു് പോയിട്ടു് ഒരാഴ്ചയോളമായി. ചിന്താദ്രിപ്പേട്ടയിൽ ഒരു ശാല സ്ഥാപിച്ചിട്ടുണ്ടു്. സ്ത്രീകളെ സംബന്ധിച്ചിട്ടുള്ളതാണു്. അതിലെ മെമ്പേഴ്സ് ഇയ്യാടെ കണ്ണിനു പിടിക്കാത്തവരാണു്— "അഴിച്ചു വിടൽ"— നോക്കട്ടെ— "അടിച്ചു വിടൽ" ലൂസനിംഗ്, അല്ലാ—ഇമാൻസിപ്പേഷൻ—ററററ്! "കവാത്തു്"—പരേഡ്—അല്ലാ—മൂവ്മെൻറ്—ഓഹോ! വിമെൻസ് ഇമാൻസിപ്പേഷൻ മൂവ്മെൻറ്! ഈശ്വരൻ അതിനു സകല വിജയവും നൽകട്ടെ! (പ്രകാശം) എടോ! അതു്, സ്ത്രീകൾ ആണുങ്ങളിൽനിന്നു് താഴ്ന്ന വർഗ്ഗക്കാരായി വിചാരിക്കപ്പെടുന്നില്ലേ? ആ സ്ഥിതിയിൽനിന്നു് നിവൃത്തിയുണ്ടാകുന്നതിനു ഏർപ്പെടുത്തീട്ടുള്ള ഒരു മഹാ സഭയാണു്. ആഭാസ

Digitized By Kerala Sahitya Akademi

ശാലയല്ലാ. മഹാ ഗംഭീരന്മാർ അതിനെ പ്രോത്സാഹിപ്പിക്കുന്നവരായി ഉണ്ടു്.

ശങ്ക:—അതേ, അതേ. അതൊണ്ടു്, അതൊണ്ടു്. കൊച്ചുങ്ങുന്നും അവിടെപ്പോകുന്നില്ല്യോ? അതുകൊണ്ടു് ആഭാസത്തിനിടയില്ലല്ലൊ. ഇനി ശാരദക്കുഞ്ഞിന്നു് എഴുതുമ്പോൾ കൊച്ചുങ്ങുന്നു് ആ പെണ്ണുങ്ങടെ കവാവത്തു കച്ചവടത്തിൽ ഇല്ലെന്നു് എഴുതിയേക്കാം—പെണ്ണുങ്ങൾ ആണുങ്ങളെ പെറുന്നവരല്ല്യയോ? മുന്നിട്ടു വരണം.

ഇന്ദു:—എന്റെ മുത്താനേ! താൻ വെറുതെ സ്വസ്ഥമായിരിക്കുന്ന കണ്ണിൽ ചുണ്ണാമ്പിട്ടു നീററരുതു്. ശാരദക്കുട്ടി എന്റെ കാര്യമൊന്നും അറിയണമെന്നില്ല്യ. അങ്ങോട്ടു വല്ലതും പിണയ്ക്കണമെന്നു് താൻകൂടി വിചാരിക്കുന്നെങ്കിൽ, അതിനിട്ടു അസ്ഥിവാരം പൊളിച്ചു കളയൂ.

(ഗോവിന്ദമേനോൻ പ്രവേശിക്കുന്നു)

ഗോവിന്ദമേനോൻ:—(ആംഗ്യം) രഹസ്യം പുറത്തു വിട്ടുവോ?

ശങ്കു:—("ഇല്ല" എന്നു തലകുലുക്കൽ.)

ഗോവി:—("മിടുക്കൻ" എന്നു വിരലാട്ടുന്നു.)

(ശങ്കുണ്ണാർ മുണ്ടിന്റെ പുറത്തു് ചെറിഞ്ഞുകൊണ്ടു് പതുക്കെ നടക്കുന്നു)

ഇന്ദു:—ശങ്കുണ്ണാരെ! ഞങ്ങൾക്കിത്ര ചായ. (ശങ്കുണ്ണാർ പോകുന്നു. ഇന്ദുശേഖരക്കുറുപ്പു് എഴുന്നേററു് ബാരിസ്റ്ററെ യഥോചിതം സല്ക്കരിച്ചിരുത്തുന്നു)

ഗോവി:—എന്താ മിസ്റ്റർ! മുഖം ഡെത്ത് സ് ഹെഡ്* പോലെ ഭയാനകമായിരിക്കുന്നുവല്ലോ.

---

*മൃതിസൂചക കപാലം.

Digitized By Kerala Sahitya Akademi

ഇന്ദു —അങ്ങനെ തോന്നും. ബന്ധുചക്രത്തിൽ നിങ്ങൾ സൂര്യസ്ഥാനം വഹിക്കുന്നതുകൊണ്ടുണ്ടാകുന്ന രക്തശുഷ്കത ഇവന്റെ മുഖമാംസത്തെ വരട്ടിയിരിക്കാം.

ഗോവി:—അല്ലാ! ഇന്നത്തെ രസം രൌദ്രപ്രധാനംതന്നെ കാര്യം? അമ്മാവന്റെ എഴുത്തുവല്ലതും വന്നുവോ.

ഇന്ദു:—അദ്ദേഹത്തെ ചെണ്ടകൊട്ടിക്കാൻ നിങ്ങൾ എന്തെല്ലാം ഗുണദോഷിച്ചു? അതുകേൾക്കട്ടെ.

ഗോവി:—എന്റെ കുട്ടാ! എന്താണീചോദ്യത്തിന്റെ സാരം? നമ്മെ ഇലക്ട്രോക്യൂട്ട്* ചെയ്യാൻ ഭാവമുണ്ടെങ്കിൽ, അതു ക്ഷണത്തിൽ കഴിയട്ടെ. നിങ്ങളുടെ അമ്മാവനെ ചെണ്ടകൊട്ടിക്കുക. ബ്രഹ്മമാരാക്കുതന്നെ സാധിക്കുമോ?

ഇന്ദു:—യെസ്. "ചെണ്ടകൊട്ടിക്കുക"—ആ വാക്കു തന്നെ ഞാൻ സധൈര്യം പ്രയോഗിക്കുന്നു. നിങ്ങളുടെ സ്ഥാനമഹിമകളും മററും അങ്ങിരിക്കട്ടെ. അമ്മാവൻ എങ്ങോട്ടുപോയി എന്നെങ്കിലും പറഞ്ഞുതരിക.

ഗോവി:—നിങ്ങളുടെ അമ്മാവൻ, മിസ്റ്റർ വാസുദേവൻ പിള്ള ബി. എ., ബി എൽ. അല്ലേ? എന്റെ കുട്ടി! താൻ ഒരു ടൺതൂക്കുമെങ്കിൽ, അദ്ദേഹം ഒരായിരം തൂക്കും. രണ്ടു മണിക്കൂറു തികച്ചു് ഗോവിന്ദൻ കശക്കി നോക്കി. ആ ഇരുമ്പുക്രൂസ്ഥാണ്ഡത്തിൽ നിന്നു് ഒരു തുള്ളി രസം പുറപ്പെടേണ്ടേ? കുടുംബസ്ഥിതിയെപ്പററി ചോദിച്ചപ്പോൾ എല്ലാം, അദ്ദേഹത്തിന്റെ ശ്രദ്ധ പുൽപ്പറിക്കാൻ പോയിരുന്നു.

---

*വിദ്യുച്ഛക്തിപ്രയോഗംകൊണ്ടു കൊല്ലുക.

Digitized By Kerala Sahitya Akademi

ഞങ്ങൾ ഈ പുത്തൻ ബാരിസ്റ്ററന്മാരു് പഴയ
ലായറന്മാരെ നമസ്കരിക്കണം.

ഇന്ദു:—നിങ്ങളുടെ ഈ പ്രസംഗം എവിടുന്നു പുറപ്പെടുന്നു? നാവിന്റെ മുനക്കാമ്പിൽനിന്നു മാത്രമല്ലേ? ഞാൻ ഒരക്ഷരം വിശ്വസിക്കുന്നില്ല.

ഗോവ:—വേണ്ട—ആ യമധൎമ്മൻ ഇവനെ എന്തു വട്ടം കറക്കിയെന്നോ? ജ്യോഗ്രഫിയും ഹിസ്റ്ററിയും, ഒന്നും കണ്ടിട്ടില്ലാത്ത ആളെപ്പോലെ, "ലണ്ടനിൽ എത്ര അഗ്രഹാരങ്ങൾ, എത്ര ശിവപ്രതിഷ്ഠകൾ, എത്ര കാളീക്ഷേത്രങ്ങൾ ഉണ്ടു്?" എന്നൊരു ചോദ്യം. ഉത്തരമായി അശ്രദ്ധത നടിച്ചപ്പോൾ, "തെങ്ങുകൾ കേരളത്തിലെപോലെതന്നെ ഫലപ്രദങ്ങളോ", "നല്ലക്രൂററൻ കൊമ്പനാനകളുള്ള ഗൃഹസ്ഥന്മാർ എത്രപേരുണ്ടു്?", എന്നു് മുഖം ചലിപ്പിക്കാതെ രണ്ടു ചോദ്യായുധം. ഇവൻ ഉടൻ എണ്ണീറേറാടിയിട്ടു് പിന്നിതാ ഇന്നിങ്ങോട്ടു പ്രവേശിച്ചു. അദ്ദേഹത്തിന്റെ—എന്തോന്നെന്നു വൎണ്ണിക്കുന്നു?—അതു സ്മരിക്കുമ്പോളുണ്ടാകുന്ന വിറയലോടെ—

ഇന്ദു:—(ഹാസ്യമായി) ശുദ്ധകപടക്കാരൻ!

ഗോവി:—ആരഹേ? കാരണവരോ, ഞാനോ? അതെല്ലാം കളയൂ. ഇന്നു് അമേരിക്കൻ ഹാളിൽ ഒരു നല്ല കോൺസർട്ടുണ്ടു്*. കൂടിവരുന്നെങ്കിൽ മോട്ടോറുംകൊണ്ടു് ഞാൻ എത്തിക്കൊള്ളാം.

ഇന്ദു.—ഞാനില്ല—

ഗോവി:—പൊടിപൊടിച്ച ഗാനമാണു് (ഗാനം) "ശാരദേ! സകലാഗമശ്രുതിശാസ്ത്രകാവ്യസ്വരൂപിണി!"

* ഗാനയോഗം

Digitized By Kerala Sahitya Akademi

റഎന്നുകേട്ടു് അവിടെയിരുന്നു് പല സ്വപ്നങ്ങളും കണ്ടു് ആനന്ദിക്കാം.

ഇന്ദു:—ഇപ്പോൾ കപടസ്ഥാനം എവിടെയാണെന്നു് വെളിപ്പെട്ടു. ആ പേർ നിങ്ങൾക്കു് എവിടെ നിന്നു കിട്ടി?

ഗോവി:—നോക്കട്ടേ. ഒന്നാമതു് അമരസിംഹൻ; രണ്ടാമതു് മിസ്റ്റർ ചന്ത്രമേനവൻ; പിന്നെ, എത്രാമതെങ്കിലും ആട്ടെ, നിങ്ങളും പറഞ്ഞു.

ഇന്ദു:—പേർ ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. അമ്മാവനെ നിങ്ങളെങ്ങോട്ടയച്ചുവെന്നു് പരമാൎത്ഥം പറയുക. അദ്ദേഹത്തെ നിശ്ചയമായും നിങ്ങൾ എങ്ങോട്ടോ ഓടിച്ചിരിക്കുന്നു.

ഗോവി:—റിസൾട്ടു് അറിഞ്ഞു് ശീമയിൽ പോകണമെന്നു് തീൎച്ചയാക്കിയപ്പോൾ, എന്താ ബുദ്ധിക്കു് ഒരു ചാഞ്ചാട്ടം തുടങ്ങിയോ?

ഇന്ദു:—ചാഞ്ചാട്ടം തുടങ്ങിയതു് ചിന്താദ്രിപ്പേട്ടയിലോട്ടു് സഞ്ചാരമാക്കീട്ടുള്ളവരാണു്.

ഗോവി:—(ദേഷ്യഭാവത്തിൽ) അബദ്ധം ക്ഷണിക്കുന്നതിൽ ഒരതിരുവേണം—

ഇന്ദു:—(ദേഷ്യത്തോടെ) അപകടം പ്രവൎത്തിക്കുന്നതിലും.

ഗോവി:—തലച്ചൂടു് പിടിക്കുന്നതിലും.

ഇന്ദു:—നോൺസെൻസ്! (1)

ഗോവി:—മാഡ്നെസ്സ്! (2)

ഇന്ദു:—ഷെയിം! (3)

(കാപ്പിപ്പാത്രവുംകൊണ്ടു ശങ്കുണ്ണർ പ്രവേശിച്ചു് കലശൽകണ്ടു് പാത്രം ഇട്ടു പൊട്ടിക്കുന്നു)

കർട്ടൻ

---

(1) അബദ്ധം (2) ഭ്രാന്തു് (3) ലജ്ജാവഹം

Digitized By Kerala Sahitya Akademi

# രംഗം 4.

ചിന്താദ്രിപ്പേട്ടയിൽ ഒരു മൂന്നുനില മന്ദിരത്തിലെ
അലങ്കരിച്ചുള്ള പ്രവേശനഹാൾ.

(വാസുദേവൻ പിള്ളയും, ഗോവിന്ദമേനോനും പ്രവേശിക്കുന്നു)

ഗോവി:—നിങ്ങളുടെ അഭിപ്രായങ്ങൾ ഫിസ്! ഈ സൂത്രധാരൻ നേത്രഗോചര വിശാലത്തിനെല്ലാം കൈസർ! രണാന്തംവരെ, മൂന്നാം നിലയിൽ പതുങ്ങി പാർക്കുക. മൂക്കിന്റെ മുനയെങ്കിലും പുറത്തു കണ്ടുപോയാൽ ഈ ഗോവിന്ദസാരഥ്യം അക്ഷണം രാജി; എന്നല്ലാ ആജ്ഞാധ്വംസകനു കോർട്ടു മാർഷ്യലും!*

വാസു:—മാധവൻ അതിസാമർത്ഥ്യം കാട്ടി ക്രമധ്വംസം വരുത്തിയാലോ?

ഗോവി:—ആ അഭിമന്യു വ്യൂഹം ഭേദിക്കുന്ന ദീർഘായുഷ്മാർ.

വാസു:—സാധുശാരദയെ രംഗത്തിൽ പ്രവേശിപ്പിക്കണമോ?

ഗോവി:—സമയം വ്യർത്ഥമാക്കലിനു് ഇരട്ടിപ്പീസാണു്. കൊഞ്ഞനം കാട്ടാൻ അഡ്വാൻസു വാങ്ങീട്ടു് മുഖം വക്രിപ്പിക്ക സങ്കടമെന്നോ? പിഴമൂളുക! നടക്കുക! (ഒരു വശത്തോട്ടു നോക്കീട്ടു്) കാലുകൾ മുതുകത്തറഞ്ഞു പറക്കുക. ഇതാ സന്ധ്യാപ്രകാശം മങ്ങി ഇന്ദുദേവൻ ചിന്താദ്രിതടപ്രദേശശോഭനാർത്ഥം പ്രതിഷ്ഠനാകുന്നു. (വാസുദേവൻപിള്ളയെ അകത്തോട്ടു

---

*സൈനിക നിയമപ്രകാരമുള്ള ഊർജ്ജിത വിചാരണ.

Digitized By Kerala Sahitya Akademi

പിടിച്ചു തള്ളുന്നു. അണിയറയിലോട്ടു നോക്കീട്ടു്) നടന്മാർ ഭദ്രം! പൊടികൾ കണ്ണിലെങ്ങാൻ ചാടാതെ സൂക്ഷിക്കുവിൻ!
(വീണ്ടും മുമ്പിൽ നോക്കിയ വശത്തോട്ടു മുഖം തിരിച്ചിട്ട്)
ഹരേ! ഹൊ! ഇന്നത്തെ ഉദയം "പ്രപഞ്ചകാരി വിരിഞ്ചനേഷ ഞാൻ" എന്നു ചുകന്നതേയ്പ്പിലാണ്—സ്ത്രീ പുരുഷഭേദം നശിച്ചു. ലോകത്തിൽ ശിഖണ്ഡികൾ നിറഞ്ഞു. രംഗഭേരിപ്പൻ ഇതാ പട്ടതായ്ക്കിടയിൽ മറഞ്ഞു. (പോകുന്നു)

(മറുവശത്തുനിന്നു് ഇന്ദുശേഖരൻ പ്രവേശിക്കുന്നു)

ഇന്ദു:—(ചുററിനോക്കീട്ടു്) ഈ സ്ഥലം വിജനമായിരിക്കുന്നല്ലൊ—എന്തു്! പ്രസംഗവേദിയിലെ മേഘനാദന്മാർ ഇവിടെ ഇടതിങ്ങി കാണേണ്ടതല്ലേ? നമ്മുടെ സഭാവീരന്മാർ മായാമയന്മാർ! ഇൻഡ്യാജനനിയുടെ ദുർവിധിവിശേഷം! ആരുവരട്ടെ, പിൻമാറട്ടെ, ഞാൻ എന്തിനു ക്രുദ്ധനാകുന്നു?—ശാശ്വതമായ പ്രമാണം തുണയ്ക്കട്ടെ. (മണി അടിക്കുന്നു)

അകത്തുനിന്നു്—യാസ്, കമിങ്.

ഇന്ദു:—തളരേണ്ട. ആ സ്വരത്തിൽ പുരുഷകണ്ഠത്തിന്റെ രൂക്ഷതയും ധ്വനിക്കുന്നു. ശുഭസൂചകം! സ്ത്രീകൾ പുരുഷന്മാരോടു തുല്യകളാകണമെങ്കിൽ അവരുടെ പികസ്വരമുരളികൾ മാറി ജീവിതരണയോഗ്യമായ ട്രമ്പെററുകൾ* ആകണം—ഇതാ ഒരു ലേഡി വരുന്നു. നല്ല ഒരു ക്യാപ്ററന്റെ ഉദ്ധതത്വം ഇവരിൽ കാണുന്നു—രണ്ടാം ശകുനവും ശുഭം!

(ബെംഗാള സ്ത്രീയുടെ വേഷത്തിൽ ഒരുത്തി പ്രവേശിക്കുന്നു)

സ്ത്രീ:—സ്വാഗതം! ഇരിക്കുക— മനോഹരസന്ധ്യ! എന്തു ചിന്ത?

---

*കാഹളങ്ങൾ

Digitized By Kerala Sahitya Akademi

ഇന്ദു:—(ആത്മഗതം) ഭാഷയും സ്വരവും കൈരളമായി കാണുന്നു. അത്ഭുതം! ആ—കാലഭൂകമ്പം അങ്ങോട്ടും കടന്നിട്ടുണ്ടല്ലൊ.

സ്ത്രീ:—ഒരു നായർ ഇങ്ങോട്ടുപോന്നതു് ഞങ്ങൾക്കു വലിയ എൻകറേജ്മെൻറ് (2) അത്രെ.

ഇന്ദു:—(ഉറക്കത്തിൽ നിന്നുണർന്നപോലെ) ഏ—എസ്സ് ഓ! സ്വാഗതവാക്കിനു വന്ദനം! ബാരിസ്റ്റർ ഗോവിന്ദമേനോൻ ഈ ഉദ്യമത്തിൽ ഒരു പേററൺ (3) അല്ലേ?

സ്ത്രീ:—(ആലോചിച്ചു്) ബാരിസ്റ്റർമേസ്റ്റർ ഗോപ്പമെന്നോ?

ഇന്ദു:—അല്ലല്ലാ—മിസ്റ്റർ ഗോവിന്ദമേനോൻ—

സ്ത്രീ:—ഓ ബ്രദർ! പെണ്ണുങ്ങടെ പേരോട് ആ സൊള്ളൻെറ പേർ എടുപ്പിക്കേ? ഇവിടുത്തെ പേരു്?

ഇന്ദു:—ഇന്ദുശേഖരൻപിള്ള.

സ്ത്രീ:—(സന്തോഷത്തോടെ) ജേമാതരം! ഞങ്ങടെ കാസ് (4) ഇപ്പോൾ സബലം. ഭാരതീയ മഹിളാലോകം വിജയവിഭൂതിയെ ഈ മുഹൂർത്തത്തിൽ സന്ദർശിക്കുന്നു. ഇരിക്ക്യ—ഇരിക്ക്യ.

(രണ്ടുപേരും ഇരിക്കുന്നു)

സ്ത്രീ:—(കസേരസഹിതം ഇന്ദുശേഖരൻെറ അടുക്കലോട്ടു നീങ്ങി) സ്വാതന്ത്ര്യോദ്യാനത്തിലെ ദിവ്യസൌരഭ്യം ഈ ജീവി ഈ സംഘടനയിൽ ശ്വസിക്കുന്നു.

ഇന്ദു:—(കസേരയോടെ ദൂരത്തു നീങ്ങീട്ടു്) പ്രാർത്ഥിതാർത്ഥലബ്ധിയിലെ ആനന്ദം ഇവൻെറ ഹൃദയത്തെ മൃദുമർദ്ദനം ചെയ്തു് ആശ്വസിപ്പിക്കുന്നു—

(2) പ്രോത്സാഹനം (3) രക്ഷാധികാരി (4) ശ്രമവിഷയം.

Digitized By Kerala Sahitya Akademi

സ്ത്രീ:—(തെളിഞ്ഞു് കസേരയെ വീണ്ടും അടുപ്പിച്ചിട്ടു്) ഒരു സഹോദരി സാന്നിധ്യത്തിന്റെ രസപുഷ്ടി ഞാൻ ഇപ്പോൾ ആസ്വദിക്കുന്നു—

ഇന്ദു:—(കസേരയെ നീക്കാൻ ആരംഭിച്ചതിൽ സ്ത്രീയാൽ പ്രതിരോധിക്കപ്പെട്ടു് ശ്വാസവേഗത്തോടെ) ഞാൻ—എന്തു പറയുന്നു—ഒരു സഹോദരന്റെ സാന്നിധ്യം ധിക്കളിൽ കണ്ടു് സ്ത്രീകൾക്കു സാധിക്കാവുന്ന—

സ്ത്രീ:— (ഇന്ദുശേഖരന്റെ കയ്യിൽ പ്രഹരിച്ചുകൊണ്ടു്) എന്തായിത്തു് ഞാൻ ഞാൻ സഹോദരീന്നു പറഞ്ഞപ്പോൾ അവിടുന്നു് സഹോദരൻ എന്നു ലിംഗഭേദം പുറപ്പെടീക്കുന്നതു്? അതൊക്കെ മനുഷ്യന്റെ മൃഗത്വം കല്പിച്ച സ്മൃതികളുടെ ആ സുരീഭാവങ്ങൾ അല്ലേ? എന്തു്! ഇതേ! മാധവീ! സരോജം! എന്റെ വാർദ്ധക്യ ജീവലകളാണു്—മാധവീ! —കണ്ടറിഞ്ഞുകൊള്ളൂ—(ഉറക്കെ) ഇതേ, മാധവി! —മിടുമിടുക്കത്തി. ദീപാരാധന മണിപോലെ കിണുകിണെ പ്രസംഗിപ്പാൻ കോപ്പുണ്ടു്. (കുറച്ചു കൂടി ഉറക്കെ) മാധവീ!

ഇന്ദു:—(കുഴങ്ങി) വേണ്ടാ വേണ്ടാ വിളിക്കണ്ടാ—ഞാൻ ശീമയ്ക്കു പോവാൻ നിശ്ചയിച്ചിരിക്കയാണു്:—

സ്ത്രീ:—എന്നാൽ മഹാഭാഗ്യായിലൊ. സിസ്റ്റർ സരോജത്തെ അടങ്ങാട്ടയക്കാൻ കൂട്ടില്ലാണ്ടു് കുഴങ്ങുകയായിരുന്നു. നല്ലവീരൻ, സമചിത്തൻ, പരിഷ്കൃതാശയൻ, സ്വജനാഭിമാനി ആയ ഒരു ബന്ധുവെ കിട്ടിയതു് ദൈവാനുഗ്രഹം! (ഉറക്കെ) മാധവീ! സ്ത്രീപുരുഷഭേദം പരമാന്ധ്യം! പുരുഷധർമ്മതത്തിന്റെ

Digitized By Kerala Sahitya Akademi

കൃത്രിമം! അതെല്ലാം നശിക്കണം—തന്റേടക്കാരികൾ വൎദ്ധിക്കണം. പുരുഷലോകം വഴികൊടുത്തു് നീങ്ങിനില്ക്കട്ടെ—(ഇന്ദുശേഖരൻ പതുങ്ങുന്നു) ശ്ര്യായ്! നിങ്ങടെ സംഹാരേച്ഛ ശാന്തഗതിയിൽ പ്രയോഗിപ്പാൻ സന്നദ്ധമാക്കൂ. പരശ്ശ ഏന്താൻ വരട്ടെ.

ഇന്ദു:—(ആത്മഗതം) ഞാൻ കുഴങ്ങുന്നു. ഈ ഭയങ്കരി അതിനെ തെററിദ്ധരിക്കുന്നു. (പ്രകാശം) സ്ത്രീകളുടെ നില—സ്ഥിതി—എന്താ അവൎക്ക് ഇക്വാളിററി (1)

സ്ത്രീ:—ഇന്ദുശേഖരന്റെ കൈകൾ രണ്ടും പിടിച്ചുകുലുക്കിക്കൊണ്ടു് നോക്കൂ മിസ്റ്റർ ഈ വിവാഹമെന്നു പറയുന്ന സ്ലേവറി (2) യെക്കുറിച്ചു് നിങ്ങൾ എന്തു വിചാരിക്കുന്നു?

ഇന്ദു:—(വീരനായി) ഞാനോ? മനസ്സുള്ളവർ കെട്ടു പെട്ടു കൊള്ളട്ടെ. എന്നാൽ വിവാഹവ്യവസായം മനുഷ്യാവസ്ഥാസ്വരൂപണത്തിലെ അതിനീചമായുള്ള ഒരു വൈരൂപ്യാംശമാണു്.

സ്ത്രീ:—അങ്ങനെ പറയൂ — സഹൃദയന്മാരെ കാണുമ്പോൾ ഞാൻ സമ്മതിച്ചുപോകുന്നു.

ഇന്ദു:—നിങ്ങടെ ഈ മൂവ്മെൻറി (3) ലേക്കു് എന്റെ ജീവനെ ദത്തംചെയ്തിരിക്കുന്നു. സ്ത്രീകടെ അഡ്വാൻസ്മെൻറിനെ നിരോധിച്ചുക്രുടാ. ഒരു ധനശേഖരം ആരംഭിക്കുക. ഞാൻ രണ്ടായിരം സബ്സ്ക്രൈബ് (4) ചെയ്യാം.

(മാധവൻനായർ സ്ത്രീവേഷത്തിൽ പ്രവേശിക്കുന്നു)

(1) സമത്വം (2) അടിമാവസ്ഥ (3) ഉദ്യമം (4) വരിയിടാം

Digitized By Kerala Sahitya Akademi

സ്ത്രീ:—എല്ലാം ശകുനങ്ങളും നന്ന്! മാധവിയുടെ വരവിൽ തന്നെ ഈ ശ്രമത്തിലേക്ക് 2000 രൂപാ വരവായി.

മാധ:—(പുറകിൽ കൈകെട്ടി നിവർന്നു നിന്ന് മുന്നോട്ടും പിന്നോട്ടും ആഞ്ഞു്) ഓവ് പെരിഗ്ലാഡ് (1) എന്താകഥ?

സ്ത്രീ:—വന്ദനം പറയൂ, പറയൂ. പ്ലീസ്, പറയൂ. നമ്മുടെ മൂവ് മെൻ്റിലേക്ക് ഈ മഹാനുഭാവൻ 2000 രൂപാ സമ്മാനിക്കുന്നു.

(മാധവൻ ഇംഗ്ലീഷ് രീതിയിലുള്ള ഒരു ചെറു നൃത്തത്തോടെ തല കുനിച്ച് അഭിവാദ്യം ചെയ്യുന്നു. ഇന്ദുശേഖരൻ എഴുന്നേററു നില്ക്കുന്നു.)

മാധ:—അല്ലേ, നിധീശാ! നിങ്ങൾ സ്ത്രീപരിഷ്കാരത്തിൻ്റെ ജീവൻ ഗ്രഹിച്ചിട്ടുള്ള ഒരു നേതാവ് തന്നെ. നിങ്ങളെപ്പോലുള്ള ഉദാരമതികൾ തന്നെയാണ് സമുദായോദ്ധാരണത്തിനുതകുന്ന യന്ത്രങ്ങൾ. സംഖ്യയല്ല, ദത്തം ചെയ്യുന്നതിന് പ്രേരിപ്പിച്ച ആത്മമഹത്വം, ഞങ്ങളെ വശീകരിച്ച് അങ്ങയോടെ ദാസികളാക്കുന്നു. ധനം തന്നെ ആണ് ലോകത്തെ നിയന്ത്രണം ചെയ്യുന്ന ഇലക്ട്രിക് പൌവർ (2) ധനസമ്പന്നന്മാർ ശക്തികേന്ദ്രങ്ങൾ! വാൻഡർബിൽററ് റാക്ഫെല്ലർ, റാത്സ് ചൈൽഡ്,—ഹ—ഹ—ഹ—എന്താ പുഞ്ചിരിക്കൊള്ളുന്നത്? ഈ വർഗ്ഗത്തിന് ചരിത്ര ഗ്രഹണം പാടില്ലെന്നോ? അല്ലേ, മഹാബന്ധോ! ചെറുപ്പംകൊണ്ട് വല്ലതും തെററു കാണുന്നെങ്കിൽ ക്ഷമിക്കുക. ഞങ്ങൾ സഹോദരികൾ അല്ലേ?

---

(1) വളരെ സന്തോഷം (2) വിദ്യുച്ഛക്തി

Digitized By Kerala Sahitya Akademi

ഇന്ദു:—(ആത്മഗതം) നാശമായി! ഇവൾ യൂറോപ്പിലെ ഘോരസമരത്തിൽ ഉപയോഗപ്പെടാം. ഇവളുടെ വാക്കുകൾ ഞരമ്പുകളെ കിടുക്കുന്നു. (പ്രകാശം) ഈ പരിചയം കിട്ടിയതു് വലിയ സന്തോഷമായി. ഇരിക്കുക.

സ്ത്രീ:—മാധവീ, ഇദ്ദേഹം ശാന്തധീയാണു്. വൈഷ്ണവ ശക്തിയുടെ മഹത്വം ഗ്രഹിച്ചിട്ടില്ലേ? ആ ശക്തി നമുക്കു് ഇപ്പോൾ പാട്ടിലായി ഇരുന്നു സംസാരിക്കൂ. അദ്ദേഹവും ഇരുന്നുകൊള്ളട്ടെ.

മാധ:—സേനാനികൾ ക്ഷീണിക്കാത്ത കായമനശ്ശക്തികൾ സമ്പാദിക്കണം.

സ്ത്രീ:—ഹീയർ! ഹീയർ! (1) മാധവി എല്ലായ്പ്പോഴും സൻസിബിൾ (2) ആയി സംസാരിക്കും.

മാധ:—(ചാഞ്ചാടി) മുഖസ്തുതി പാത്രങ്ങളെയും പരിചയ ദോഷത്താൽ കണ്ണുകളാക്കും.

ഇന്ദു:—(പുഞ്ചിരിയോടെ) ആകപ്പാടെ സന്തോഷമയി. ഞാൻപോയി വരാം.

സ്ത്രീ:—ഏയ്, എയ്—സരോജത്തെ കൂടി കണ്ടിട്ടുപോവുക. (അത്യുച്ചത്തിൽ) സരോജം, മാധവി ഇങ്ങോട്ടു പോന്നിട്ടും എന്താ അങ്ങു് പതുങ്ങി നില്ക്കുന്നതു്.

മാധ:—ഇംഗ്ലണ്ടിൽ അയയ്ക്കുന്നതു് എന്നെ ആക്കുക. സരോജം എല്ലാനേരത്തും അന്തിനേരത്തെ പങ്കജം ആണു്. ബഹുശതവർഷങ്ങൾകൊണ്ടു് അടിഞ്ഞിട്ടുള്ള ദുശ്ശീലങ്ങൾ നീങ്ങാൻ കുറെ സാഹസ

(1) കേൾക്കുക, കേൾക്കുക. (2) സയുക്തികം

Digitized By Kerala Sahitya Akademi

പ്പെടണം. ഇതേ, ഒബീഡിയൻസ് (1) അഭ്യസിക്കാൻ ഞാൻ തന്നെ പോദയക്കാം.

(മാധവൻ അകത്തുകപോയി ശാരദയെ പിടികൂടി—ബലാൽകാരേണ അകത്തു പ്രവേശിപ്പിക്കുന്നു)

ഇന്ദു:—(പൊട്ടന്നനെ) അരുതരുത്. ഫോഴ്സ് (2) പ്രയോഗിക്കരുത്. സ്ത്രീകളല്ലേ?— അല്ലല്ല:— ഏതു നിലയിലും കഠിനബലപ്രയോഗം വിഹിതമല്ല.

സ്ത്രീ:—സരോജം! ഇദ്ദേഹം മിസ്റ്റർ ഇന്ദുശേഖർപിള്ളയാണ്. കേട്ടിട്ടില്ലേ? ബിലാത്തിക്കു പോകാൻ പാക്കു ചെയ്യുന്നു. (3) എന്താ, സഹയാത്രയ്ക്കു സന്നദ്ധയോ?

(ശാരദ രംഗത്തിന്റെ ഒരു ഭാഗത്തേക്കു നീങ്ങി പരമുഖിയായി നില്ക്കുന്നു)

മാധ:—ഇതാ മിസ്റ്റഴ്! കണ്ടില്ലേ? ഈ തരളതരശരീരക്കാരിയെ, ഖിന്നതരമാനസയെ, സഹഗമനത്തിനോ മറെറന്തെങ്കിലിനുമോ—ഷേയിം! ഓ ഫൈ! (4) മിസ് സരോജം.

ഇന്ദു:—(ആത്മഗതം) എന്താ ഈ ഹൃദയത്തുടിപ്പ്? ഈ സരോജം ആ കുസുമമല്ല, അതിന്റെ അന്തിമദളമാണ്. ഈ കുട്ടിത്രിജട ഈ വല്ലികയെ തളർത്തി ഇപ്പോൾ വീഴ്ത്തും.

മാധ:—ആൽത്തറകളിൽനിന്നു മന്ദഹാസം തൂകി പുരുഷസമുദായത്തെ പാവയാടിക്കണമെങ്കിൽ സരോജമദാമ്മ സേറാ ബർൺഹാട്ട് (5) (ഗാനം) "കുന്തള

(1) അനുസരണം (2) ബലം (3) ഭാണ്ഡം മുറുക്കുന്നു
(4) ലജ്ജയില്ലേ? ഓ കഷ്ടം! (5) ഒരു പ്രസിദ്ധനടി.

Digitized By Kerala Sahitya Akademi

ബന്ധമഴിഞ്ഞതിടക്കൈകൊണ്ടു താങ്ങിക്കൊണ്ടും—
പന്തണിമുലയാൽ പന്തുവലക്കൈകൊണ്ടടിച്ചു—"

സ്ത്രീ:—മിണ്ടാതിരിക്കൂ മാധവ! തുള്ളാൻ തുടങ്ങുന്നവളെ ഭ്രാന്തു പിടിപ്പിക്കരുത്. സരോജം ഇങ്ങട്ടു നീങ്ങി മിസ്റ്റർ ഇന്ദുകമാൎക്കു കൈകൊടുക്കൂ.

ഇന്ദു:—എനിക്കു നിങ്ങളെ — അല്ല — എല്ലാരെയും കണ്ടിട്ട് എന്തൊ—ജന്മസാഫല്യം—സ്ത്രീ സമുദായ പരിഷ്കാരം—അയ്യോ കഷ്ടം! മിസ് സരോജിനിക്കുട്ടി പരുങ്ങി നില്ക്കുന്നല്ലൊ. ഞാൻ പോയി നാളെ വരാം.

സ്ത്രീ:—ഛെയ്! പട്ടുത്തു കളയുന്ന മൂരിയെ അങ്ങനെ വിട്ടുകൂടാ. വീരനായ അങ്ങും വിയൎത്തു തുടങ്ങിയിരിക്കുന്നല്ലൊ! അങ്ങട്ട് എന്തെങ്കിലും കചസ്റ്റ്യൻ* ചെയ്യുക. സരോജം ഉത്തരം പറഞ്ഞ് അങ്ങനെ സങ്കോചം തീരട്ടെ.

ഇന്ദു:—എന്തായാലും ഞാൻ അന്യനല്ലേ? കുട്ടികളാകുമ്പോൾ—

മാധ:—കുട്ടിയോ? ക്രുററത്തിയായില്ലേ?

സ്ത്രീ:—എന്താ സരോജം ഈ ചാപല്യം നമ്മുടെ വ്രതം സ്മരിക്കൂ. ഒരു ധനികൻ ചെറുപ്പക്കാരനായ സുന്ദരനെ കണ്ടു് കിടുങ്ങിപ്പോകുന്ന സത്യഭാമ ഭൌമ സമരത്തിന് സമൎത്ഥയാകുമോ?

മാധ:—(ശ്ലോകരീതിയിൽ) "സഭാകമ്പാദാകമ്പിതശിര—"

സ്ത്രീ:—(മാധവനെ പിടിച്ചു ദൂരത്തു തള്ളീട്ടു്) സരോജം! സാമാന്യ മൎയ്യാദയും മറന്ന് ഇങ്ങനെ നിൎല്ലജ്ജയായി

---

* ചോദ്യം

Digitized By Kerala Sahitya Akademi

നില്ക്കുന്നതു് നമ്മുടെ ശ്രമത്തെ തോല്പിക്കും. നല്ലോണം കാര്യങ്ങൾ ചിന്തിച്ചു പ്രവർത്തിക്കു.

മാധ:—ഡാററ്സ് റൈററ്! പ്രഹരം നമുക്കും പ്രാർത്ഥന അങ്ങോട്ടും! സമുദായോൽകർഷം സാധിക്കുന്നതു് വീര്യവതികളാണെന്നുള്ള തത്വത്തെ വിസ്മരിച്ചു് പ്രവർത്തിച്ചാൽ—

സ്ത്രീ:—മിണ്ടാതിരിക്കു മാധവീ! സരോജം മുമ്പോട്ടുനീങ്ങി നിന്നു് പോകാൻ തുടങ്ങുന്ന മിസ്റ്റർ പിള്ളെക്കു് കൈകൊടുക്കു.

ഇന്ദു:—(ആത്മഗതം) ഈ കമനീകുസുമത്തെ സ്പർശിച്ചുവെങ്കിൽ ഇവൻ ഇപ്പോൾ നിലത്തുവീഴും. (പ്രകാശം) നിങ്ങൾക്കു് സകല മംഗളങ്ങളും ഞാൻ ആശംസിക്കുന്നു. (പോകാൻ തുടങ്ങുന്നു)

മാധ:—വകതിരുവുള്ളവക്കെങ്കിലുംകൈതന്നുപിരിയുക. (കൈ കൊടുക്കുന്നു)

(സ്ത്രീ ഇന്ദുശേഖരനെ തള്ളി ശാരദയുടെ സമീപത്താക്കി കൈ കൊടുപ്പിക്കുന്നു)

മാധ:—(അനുഗ്രഹഭാവത്തിൽ കൈകളുയർത്തി) നന്മയും തിന്മയും ഏകീഭവിക്കുക! ഭഗവൽസൃഷ്ടമായ ഈ ബന്ധം യാതൊരു മനുഷ്യനാലും ഖണ്ഡിക്കപ്പെടാതെ വർത്തിക്കട്ടെ!

(സ്ത്രീ മാധവനെ പ്രഹരിക്കുന്നു. മാധവൻ ഒഴിഞ്ഞു് തുള്ളിയാടുന്നതിന്നിടയിൽ ശങ്കുപ്പിള്ളാർ പ്രവേശിക്കുന്നു)

ശങ്കു:—ഇതുകൊള്ളാം കളി! വീടുപോലും കാണാത്തവൻെറ കച്ചവടം ഇതാണോ? ഇതു കവാത്തുശാലയോ? കരളറപ്പുശാലയല്ലിയോ!

ഇന്ദു:—തടിയാ! സഭനോക്കി സംസാരിക്കു.

Digitized By Kerala Sahitya Akademi

ശങ്കു.—(സ്ത്രീകളെ നോക്കീട്ട്) അമ്പമ്പ! തരത്തിനു തരമ ല്ലിയോ കവാത്തിനു നിരന്നു നിക്കുന്നു.

ഇന്ദു:—വകതിരിവില്ലാതെ സംസാരിക്കരുത്.

ശങ്കു:—നിവൃത്തിക്കളയണം കുഞ്ഞേ. ഈ ദൊരസ്ത്യ പ്രാണി യാട്ടത്തിന് കൈ പിടിച്ചതു്—

(ഇന്ദുശേഖരൻ ശങ്കുസ്സാരെ അടിക്കാൻ കൈ ഓങ്ങുന്നു, സ്ത്രീ തടുക്കുന്നു)

ശങ്കു:—നിങ്ങളെ്ാണ്ടല്ലൊ, കൊച്ചങ്ങേത്ത പഞ്ചാരക്ക ക്കണ്ടാ വിളമ്പുംകട്ട് ഇളകരുതു്. വലിയങ്ങത്തെ മകള് എത്രെയ്യവരെ ജയിച്ച ഒരു കൊച്ച തങ്ക ക്കിളി അങ്ങൊണ്ട്—ചുമ്മായിരിക്കണം കൊച്ച ങ്ങേന്നു. ചോറൊക്കെ നിങ്ങടെ തന്നെയെങ്കിലും നാക്ക് പണയം വെച്ചിട്ടില്ല, ഈ പട്ടും പകിട്ടും ശാരദക്കുഞ്ഞിന്റെ മുമ്പി ചെല്ലുമോ?

സ്ത്രീ:—എടോ, ക്രൂരഉള്ള ഒരു ശിഷ്യനെ കണ്ടിട്ട് ഞങ്ങൾ ക്ക് വലിയ സന്തോഷം.

ശങ്കു:—ക്രൂരം തറയുമൊക്കെ ഇപ്പോ പവൻ കൊടു ത്താലും കിട്ടുമോ? നിങ്ങടെ ഈ ഷാപ്പൊണ്ടല്ലൊ—

(ഇന്ദുശേഖരൻ പുറത്തേക്കും സ്ത്രീകളം അകത്തേക്കും ഝടിതിയിൽ പൊയ്ക്കളയുന്നു)

ശങ്കു:—കലി മൂത്താൽ. ഇതൊക്കെതന്നെ കച്ചവടം. ഇപ്പോ കൊട്ടടണേ വലിയങ്ങുത്തെക്ക കമ്പി— അപ്പോ കാണാം പിള്ളയാണ്ടന്റെ ക്രുത്താട്ടം.

(പോകുന്നു)

കർട്ടൻ

Digitized By Kerala Sahitya Akademi

## രംഗം 5.

നാലാം രംഗത്തിലെ പ്രവേശനമുറി.

(ശാരദയും, സ്ത്രീവേഷത്തിൽ മാധവനും പ്രവേശിക്കുന്നു)

ശാര:—കെട്ടേണ്ടവൻതന്നെ അഴിച്ചുവിട്ടാൽ കന്നുകാലികൾ വിള അഴിക്കും. ഈ തോന്ന്യാസത്തകൃതി കാണുമ്പോൾ എനിക്കെൻെറ—

മാധ:—ത്തിരി വരുന്നായിരിക്കാം. ഇട്ടിരാരിശ്ശമേന്റെ "കജ്ഞദളം" കാണുമ്പോഴോ?

ശാര:—അധികപ്രസംഗീ! അധികപ്രസംഗീ!

മാധ:—ആ പ്രസംഗംകൊണ്ട് ഒരു സർ റെഡിലവ്(1) ചന്ദ്രകാന്തനെ വിപരീതപ്പെടുത്തില്ലെങ്കിൽ, അദ്ദേഹത്തിന്റെ വെദർകാക്ക്(2) ഹൃദയം ഇങ്ങോട്ട് തിരിഞ്ഞുപോയേനേ. ഇത്രക്കിത്രേം സമ്മാനമായപ്പോൾ മിസ് അക്കക്കുട്ടി മിസ്സസ് ഇന്ദുചാംബ ആകുമ്പോൾ. എന്തെല്ലാമോ കഥ? ആട്ടെ! വഷളിക്കുക, ചൊരിയുക—ഞാൻ സഹിക്കും, ക്ഷമിക്കും. സാംബനു കിട്ടിയ ശാപംമാത്രം ഈ വേഷധാരിയിൽ പതിക്കാതെ കഴിയണേ അംബരാശികളെ!

ശാര:—എന്തായാലും, അദ്ദേഹം ഇനി വരുമ്പോൾ അധികം കളിയാക്കരുതെ. എൻെറ മാധവൻ കുട്ടിയല്ലേ?

മാധ:—നല്ല ഗുണദോഷം! കൂട്ടവേഷത്തോടു ചേർന്നാടിയില്ലെങ്കിൽ, നട്ടുവന്റെ മുഷ്ടിപ്രതാപം ഏല്ക്കേണ്ട

---

(1) സന്നദ്ധപ്രണയൻ (2) കാലസ്ഥിതിയനുസരിച്ചു് തിരിയുന്ന ഒരു യന്ത്രം

Digitized By Kerala Sahitya Akademi

തല ഇതാണ്. ആട്ടെ, പകലത്തെ വിസിറ്റിൽ(*) ഞങ്ങൾ എവിടെ എന്നു ചോദിച്ചാൽ മിസ് സരോജക്കാൾ എന്തു കളവുകൾ പറയും?

ശാര:—നിങ്ങളെക്കുറിച്ചു ചോദ്യമേ ഇല്ല.

മാധ:—അങ്ങനെ എങ്കിൽ ചേട്ടൻ വല്ലാത്ത കാര്യസ്ഥൻ തന്നെ—അതുകൊണ്ട് ഈ മാധവൻനയ്യർ—ൻതാ, അതാ—അതാ വരുന്നു. (മറഞ്ഞുകളയുന്നു. ഇന്ദുശേഖരൻ പ്രവേശിക്കുന്നു. ശാരദ എഴുന്നേററു നില്ക്കുന്നു)

ഇന്ദു:—ഇന്നത്തെ നില ഭംഗി! അതിലജ്ജ കപടത്തിന്റെ ഒരു വകഭേദമെന്നേയുള്ളൂ. ഞാൻ ഇന്നും ഇങ്ങോട്ടു വന്നതു്, ഒന്നിച്ചു കപ്പൽയാത്ര ചെയ്യേണ്ടവരല്ലേ? അതുകൊണ്ടു്—

ശാര:—വരട്ടെ. ഞാൻ വീട്ടിലേയ്ക്കാണ്. മറെറങ്ങോട്ടും യാത്രയ്ക്കു ഭാവമില്ല.

ഇന്ദു:—(അപേക്ഷകാരന്റെ വിനയത്തോടെ) ഒരു ചെറു സ്വകാര്യം പറവാൻ, പ്രി—ഡീയർ മിസ് സരോജമ്മ അനുവദിക്കണം—പ്ലീസ്, പിന്നെ—ക്ഷമിക്കുമല്ലോ—ആ വീടേ—പോകാൻ നിശ്ചയിച്ചിരിക്കുന്നെടം—കൃപയോടെ കേൾക്ക—എന്തേതൊക്കരുതേ?

ശാര:—ഞാൻ ഇവിടുത്തെ പരിഷ്കാരശ്രമത്തിൽ നിന്നു് ഒഴിയുകയാണ്—

ഇന്ദു:—(തലകലുക്കി) എനിക്കും കുറച്ചു സൈ്വരം വേണമെന്നുണ്ട്. സരോജക്കുട്ടിയോടു കിട്ടിയ പരിചയം സ്ത്രീജീവിതത്തെക്കുറിച്ച് എനിക്കുണ്ടായിരുന്ന

---

* സന്ദർശനത്തിൽ.

Digitized By Kerala Sahitya Akademi

അഭിപ്രായങ്ങളെ ഏതാണ്ടൊക്കെ പരിഷ്കരിക്കയോ പൃഥക്കരിക്കയോ ചെയ്തുകളഞ്ഞു. (മുഖവായി) ഹാ! ഹ! ഹ! ആശ്ചര്യമല്ലേ?

ശാര:—അപ്പോൾ അവിടുന്നു് വാഗ്ദത്തം ചെയ്തിട്ടുള്ള സംഭാവനയോ?

ഇന്ദു:—(അലക്ഷ്യഭാവത്തിൽ) അതു് ഇരട്ടിച്ചുകളയാം. പ്രീത്യർത്ഥം നാം എന്തു ബലികൾ കഴിക്കുന്നു! വൈ, എസ്സ്! പരിഷ്കാരം വേണ്ടതുതന്നെ—എന്നാൽ, "സാവധാനെ ദാർഢ്യം:"—എല്ലാം പടി പടി ആയി സാധിക്കേണ്ടതാണു്—ഇങ്ങനെ ഈ സ്വഭാവശാന്തത മനസ്സിൽ വേരൂന്നിച്ചിരിക്കുന്നു—

ശാര:—നല്ല സ്ഥിരചിത്തം! ഒരു ഭാര്യയുണ്ടായാലല്ലേ്പ്പോൾ—

ഇന്ദു:—ഒരു ഭാര്യയൊ?

ശാര:—അല്ലാ! ശ്രീകൃഷ്ണനാവാൻ ഭാവമുണ്ടോ?

ഇന്ദു:—മിസ്സ് സരോജം ആ കടുമധുരീടെ സഹോദരി തന്നെയാണു്—വക്രോക്തിയിൽ ഇത്ര മിടുക്കത്തിയാണെന്നു് ഞാൻ വിചാരിച്ചില്ല. (ഗൌരവ സ്വരത്തിൽ) എന്റെ ചോദ്യത്തിനുത്തരം പറയൂ—എന്റെ—(മിഷമിച്ചു്) ചെ—റ—തേനല്ലേ?

ശാര:—(പിന്നാക്കം ഞെട്ടി) എന്തോന്നു്?

ഇന്ദു:—(കൈ കടഞ്ഞുകൊണ്ടു്) "സ്വീററ്," — "ഹണി" എന്നതെല്ലാം പ്രണയത്തിൽ ക്ഷന്തവ്യപദങ്ങളല്ലേ?

Digitized By Kerala Sahitya Akademi

ശാര:—(തലതിരിച്ചു്, വാപൊത്തി നിശ്ശബ്ദച്ചിരിയോടെ) അച്ഛനമ്മമാർ ഒരു ചായിസ് മേക്ക് ചെയ്തിരിക്കുന്നു* എനിക്കും അദ്ദേഹത്തെ കുറച്ചു കാര്യമാണു്—

ഇന്ദ്ര:—(ഹീനസ്വരത്തോടെ) മനസ്സിലായി—എന്നാൽ, അതു് കാലേക്കൂട്ടി പറഞ്ഞുകൂടായിരുന്നോ?

ശാര:—സ്ത്രീസമുദായ പരിഷ്കാരത്തിനു് സ്വാത്മബലി ചെയ്വാൻ പുറപ്പെട്ട ആൾ വരണമാല വഹിക്കുന്നു എന്നു് ഞങ്ങൾ എങ്ങനെ ഊഹിക്കും?

ഇന്ദ്ര:—നാരായണാ! സരോജമ്മ ഇങ്ങനെ പറയരുതു്. കണ്ടപ്പോൾ മുതൽ കാട്ടിയ കനിവും—

ശാര:—അവിടുന്നു് വിവാഹദ്വേഷി ആണെന്നു് ലോകപ്രസിദ്ധം—

ഇന്ദ്ര:—(രൂക്ഷസ്വരത്തിൽ) എല്ലാം കബളിപ്പു്! ദുഷ്പ്രേരണകളുടെ ഉല്പത്തിസ്ഥാനം ഇവന്നറിയാം. ആ ശങ്കുണ്ണിമേനോൻ ഇവിടെ ചുററിപ്പററിനടക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.

ശാര!—അദ്ദേഹത്തിനു് ഇവിടുത്തോടു് വലിയ സ്നേഹവും ബഹുമാനവുമാണു്.

ഇന്ദ്ര:—അതൊന്നും പറയണ്ടാ. സരോജത്തിന്റെ പ്രേമം അപഹരിച്ചവനെ ഞാൻ ഹനിക്കും. ജയിലാകട്ടെ, തൂക്കുമരം ആകട്ടെ—(വ്യസനത്തോടെ) സഹിച്ചുകൂടാ—

(മാധവൻ പ്രവേശിക്കുന്നു)

മാധ:—എന്തോന്നാ ചേട്ടാ അല്ലാ—മിസ്റ്റർ രപ്പ! തൂക്കുമരത്തിന്റെയും മററും കഥ പറയുന്നതു്?

* തിരഞ്ഞെടുപ്പു് കഴിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

യുദ്ധത്തിൻ എൻലിസ്റ്റ്* ചെയ്യാനാണെങ്കിൽ ഞാൻകൂടി ചേരാം.

ഇന്ദു:—(കോപിച്ചു്) മിണ്ടാതിരിക്കൂ—ഏതു നരകത്തിലോട്ടെങ്കിലും നിങ്ങൾ പൊയ്ക്കൊൾക—ഈ ഭവനംതന്നെ യമമണ്ഡലം! ദുന്നയങ്ങളുടെ വിളിനിലം!

മാധ:—നന്നു് സാർ ശാപവചനം! ചിത്രഗുപ്തന്റെ ഗ്രന്ഥവരിയിൽ അതു് ഉല്ലേഖ്യമായി. ഇനി അടങ്ങുക—സ്ത്രീസഭാസമക്ഷം പ്രയോഗിക്കേണ്ട ആചാരപദ്ധതി കുറച്ചുകാലമെങ്കിലും വല്ല മൃഷികമെന്ററി സ്ക്കൂളിലെങ്കിലും അഭ്യസിച്ചിട്ടു് വരിക. അതുവരെയ്ക്കും ഗുഡ്ബൈ! ശുഭം തേ!

ശാര:—(മാധവനോടു്) ക്രമക്കേടു് സംസാരിക്കരുതു് എളുപ്പംകണ്ടു് തലയിൽ കേറിയാൽ—

മാധ:—അവിടംപൊട്ടി പാട്ടുചൊരിയും — (ഗാനം)
"യോഗിനാഥന്റെ രൂപലാവണ്യം കാങ്കെയാലെ—
നാഗേന്ദ്രഗാമിനിയാം മാധവിക്കു് — മീനകേതനൻ തന്റെ ബാണങ്ങൾ ഏല്ക്കയാലെ—"

ശാര:—ഛെ—ഛെ! ഇതു് അതിരുകടന്നുപോണു—(ഇന്ദുശേഖരനോടു്) അവിടുന്നു് ക്ഷമിക്കണം. എല്ലാം ഈശ്വരേച്ഛപോലെ പരിണമിക്കും.

(സ്ത്രീ പ്രവേശിക്കുന്നു)

സ്ത്രീ:—എന്താ മാധവീ, സന്ധ്യാസമയത്തു് പ്രയോഗിക്കേണ്ടതു് ശങ്കരാഭരണരാഗമല്ലേ? ഈ ശൃംഗാരസാരം ഇവിടെ ചേരുന്നതല്ലല്ലോ! (ഇന്ദുശേഖരന്റെ നേർക്കു തിരിഞ്ഞു്) ഹെ മിസ്റ്റർ പിള്ളേ! സന്ധ്യയിലെ

* (പട്ടാളത്തിൽ) ചേർന്ന് പേരെഴുതുക

Digitized By Kerala Sahitya Akademi

വന്ദനം. (മാധവനോട്) നമ്മുടെ ബന്ധു നംബർ ഒന്നിനെ രമിപ്പിക്കാനാണെങ്കിൽ, ഗാനം നടക്കട്ടെ. കേട്ടോ മിസ്റ്റർ! നിങ്ങടെ സംഭാവന സംഖ്യയെ ഞങ്ങൾ എല്ലായിടത്തും നല്ലപോലെ അഡ്‌വെർടൈസ് ചെയ്തു(1) നിങ്ങടെ പേർ പ്രയോഗിച്ച് എത്ര സഹായികളെ സമ്പാദിച്ചു! സർ ക്രൂവംദാസ് ഗട്ടർദാസ് പതിനായിരം പ്രാമിസ്(2) ചെയ്തു. മിസ്റ്റർ ഇന്ദുശേഖരൻ പിള്ളെ, ബീ. ഏ. ഓണേർസ് എന്ന പേർ എന്തു ദിവ്യമന്ത്രമായി ഉപയോഗപ്പെടുന്നു വെന്നോ?

ഇന്ദു:—(ദുഃഖമൂകനായി തലചൊറിഞ്ഞ്) എൻെറ ആയുഷ് പ്രോഗ്രാം അല്പമൊന്നു മാററാൻ തീർച്ചയാക്കിയിരിക്കുന്നു.

സ്ത്രീ:—ഈ! യേ! യെന്ത്? ഇത് അസ്തമയസന്ധ്യയോ പ്രഭാതസമയമോ?

മാധ:—അതുരണ്ടുമല്ല—"ഇന്നു ഭവാൻ സന്ന്യാസം എന്തിനു കൈക്കൊണ്ടു സഖേ!" എന്നു ചോദിക്കേണ്ട സന്ദർഭമാണ്.

സ്ത്രീ:—(അതിഗൌരവത്തോടെ ശാരദയുടെ മുഖത്തു നോക്കീട്ട്) ഓഹോ! അങ്ങനെ വരട്ടെ—കഷ്ടം! ഇതെന്ത്? വിശ്വാസധ്വംസനം അല്ലേ? ഭജനവ്യാജത്തിൽ ഊരാട്ടു അപഹരിക്കുന്ന വഞ്ചനതന്നെയാണ് ഇവിടെ അനുഭവമായിത്തീന്നതു്. മിസ്റ്റർ ഇന്ദുശേഖര പിള്ളേ! നിങ്ങടെ സംഭാവനയെ ഞങ്ങൾ സവന്ദനം ഉപേക്ഷിക്കുന്നു. സന്മുഖവും ഞങ്ങൾ ആവശ്യപ്പെടുന്നില്ല. ഞങ്ങളുടെ ഉദ്യമമഹത്വം

(1) പരസ്യം ചെയ്തു (2) വാഗ്ദത്തം

Digitized By Kerala Sahitya Akademi

ഞങ്ങൾക്കു് വിജയാപ്തിയുണ്ടാകും. ഇംഗ്ലീഷ് രീതിയിൽ "ബിഗോൺ"(1) എന്നു് ഞാൻ ആജ്ഞാപിക്കുന്നില്ല. എങ്കിലും, ഇംഗിതം സ്പഷ്ടമാക്കീല്ലേ?

ഇന്ദു:—ഇത്രയൊക്കെത്തകപ്പാൻ ഇവിടെ എന്തു സംഭവിച്ചു? ധർമ്മനിലയിൽ നിന്നുള്ള വ്യതിയാനമായി എന്തു ക്രിയ അനുഷ്ഠിക്കപ്പെട്ടു?

മാധ:—ശ്രീമൻ! മാന്യനായുള്ളോവെ! അങ്ങയുടെ ധർമ്മവീക്ഷ "ചഞ്ചൽചില്ലീലതാഗ്ര" ക്രമത്തിൽ "ചലൽചാരു" ആണു്—സംഭവങ്ങൾ ബഹുരൂപങ്ങളിലുണ്ടു് — കർമ്മണാ — വചസാ—മനസാ—വെൻ(2) സർ! ഈ ഭേദത്രിതം മഹാത്മാവായുള്ള അവിടുന്നു ഗ്രഹിക്കുന്നു?

സ്ത്രീ:—സരോജം! അകത്തു പോവുക—എസ്—ചിലതു പറഞ്ഞോട്ടെ. നിഷ്കൃഷ്ടശലക്കാരികൾ കേൾക്കേണ്ട. (കോപത്തിൽ വൈമനസ്യത്തോടെ പോകുന്നു. ഇന്ദുശേഖരനോടു്) എന്തു് മിസ്റ്റർ, നിങ്ങൾ ഇവിടെ സ്റ്റാറ്റ്യൂ(3) പോലെ നിലകൊള്ളുന്നതു്? നിങ്ങടെ മുഖം തുറന്ന ഗ്രന്ഥംപോലെ അന്തർഗതങ്ങളെ അക്ഷരംപ്രതി വിശദപ്പെടുത്തുന്നു. ഞങ്ങൾ ഒരു ചേടീസംഘമെന്നു് നിങ്ങൾ വിഭ്രമിക്കുന്നെങ്കിൽ നിങ്ങടെ വിദ്വത്വത്തെ ഹസിക്കുന്നില്ലാ, ജന്മവാസന വിഷമയമെന്നുമാത്രം ഞങ്ങൾ സമാധാനപ്പെടുന്നു. മാധവീ! വഴികാട്ടു, ഇദ്ദേഹത്തിനു്.

ഇന്ദു:—വരട്ടെ. അധികാരപ്രയോഗത്തിനും ചില സീമകളുണ്ടു്. അതുകളെ അതിലംഘിക്കുന്നതു്—

---

(1) പൊയ്ക്കൊള്ളൂ (2) എപ്പോൾ (3) പ്രതിമ.

Digitized By Kerala Sahitya Akademi

സ്ത്രീ:—നിങ്ങടെ പ്രസംഗപാടവംകണ്ടു് തലകുലുക്കി ക്കാണുന്ന സംഘം ഇവിടില്ലാ. പോവുക പോവുക. സ്വന്തം കാർണോരെയും ബന്ധുജനങ്ങളെയും ദ്രോഹിക്കുന്ന കഥ ഞങ്ങളറിഞ്ഞു. നിങ്ങടെ ആഭിചാരത്താൽ സഭരാജത്തിന്റെ മൃദുഹൃദയം വശീകരിച്ചുകളയാമെന്നു ഭ്രമിച്ചു എങ്കിൽ—ഉചിതമായുള്ള പദത്തെ, നിങ്ങൾക്കു് കിട്ടിയിരിക്കുന്ന വിദ്വൽസ്ഥാനത്തെ ഓർത്തു്, പ്രയോഗിക്കുന്നില്ല. ഞങ്ങൾക്കു പണിയുണ്ടു്.

ഇന്ദു:—കോപപ്രകടനം ഭംഗിയായി. മുതുകിൽ പുണ്ണുണ്ടെങ്കിലേ വേലിനൂരാൻ പേടിക്കേണ്ടു. മനുഷ്യജീവിതത്തിൽ പരിചയം ബുദ്ധിയെ പരിഷ്കരിക്കുന്നു. പ്രപഞ്ചത്തിൽ സ്വസ്ഥനില എന്നുള്ളതു് അസംഭവ്യം. സപ്തർഷിമണ്ഡലംപോലും ആകാശവീഥിയിൽ ഏതാനും ഡിഗ്രി നീങ്ങീട്ടുണ്ടു്. മനുഷ്യബുദ്ധി അഹന്നിശമായുള്ള സ്വയം പ്രവർത്തനംകൊണ്ടു് വികാസസങ്കോചങ്ങൾ എന്ന അവസ്ഥകളെ തരണം ചെയ്യുന്നു.

സ്ത്രീ:—ഹേ! ഇത്രത്തോളമൊക്കെ ഈ മാധവിക്കുട്ടിപോലും ഗ്രഹിച്ചിട്ടുണ്ടു്. അതിശയിക്കത്തക്ക ഒരു യുക്തിവാദവും നിങ്ങളിൽനിന്നു് പുറപ്പെട്ടിട്ടില്ല. പുതിയ സാമാൻ വല്ലതുമുണ്ടെങ്കിൽ അതെടുത്തു നിരത്തു. ക്ഷമിച്ചുനിന്നു് കണ്ടുകളയാം. ഇവിടെനിന്നു് ഇപ്പോൾ പോയില്ലേ, ആ കന്യകയെ വിവാഹം ചെയ്യുന്നതു് ആ ശ്രീമതീയുടെ മഹാനുഭാവനായ അച്ഛന്റെ വാത്സല്യഭാജനം ഒരു ശ്രീമാൻ ഭാഗിനേയനാണു്—ഇനി യാത്ര ആവരുതേ?

Digitized By Kerala Sahitya Akademi

ഇന്ദു:—ഓഹോ! ആവാം. സൂക്ഷ്മം മനസ്സിലായി. ആശ്ച യ്യം കപടം! സ്ത്രീലോകം ആകപ്പാടെ വന്ധ്യാത്വം അവലംബിച്ചുപോകട്ടെ! ഇവന് എന്താ? പണ്ട ത്തെ അമ്പത്താറിനു പുറമേ രാജ്യങ്ങളില്ലെന്നോ? ഛി ഞാൻ പുരുഷനാണ്—(പോകുന്നു)

(സ്ത്രീയും മാധവനും കൂടി പുറകെ ചെന്നു നോക്കീട്ട് മടങ്ങുന്നു)

സ്ത്രീ:—എന്താ മിസ്റ്റർ നയ്യർ?

മാധ.—(രണ്ടു തുടകളിലും കയ്യറഞ്ഞു് നൃത്തം ചെയ്തുകൊണ്ടു്) എന്റെ ശങ്കുണ്ണിച്ചേട്ടാ! കൊരിയോലാനസ് റോം മഹാനഗരിയെ നാടുകടത്തിയ വീരഭാഷണം ഇപ്പോൾ ഇവിടെ കേട്ടതാണ്. എന്തു രസം! ചേട്ടനെ ഇത്ര കഷായിപ്പിച്ചുകൂടാ—അച്ഛനി പ്പോൾ—

(ഗോവിന്ദമേനോൻ പ്രവേശിക്കുന്നു)

ഗോവി:—വികൃതീ! ഗോവിന്ദഗുരുവിന്റെ ഉപായോ പദേശത്തെ ലംഘിക്കേ! എന്റെ ശങ്കുണ്ണീ! തന്റെ ഹാസരസപ്രകടനംകേട്ടു ഞാൻ അകത്തുനിന്നു് നടുങ്ങിപ്പോയി. (രഹസ്യസ്വരത്തിൽ) ശാരദക്കുട്ടി ഒരു കസാല പിടിച്ചിരുന്നു കരയുന്നു. ഇനി കഥ ദീർഘിപ്പിച്ചുകൂടാ.

മാധ:—(പരുഷമുഖത്തോടു്) ഞാൻ മദ്രാസ് മുഴവൻ കണ്ടില്ലാ—

ഗോവി:—എടോ കുട്ടിഗാറിക്ക്!* താൻ കുറച്ചു പാകം വരേണ്ടതുണ്ടു്. ലണ്ഡൻ മഹാനഗരംകണ്ടു് കുറച്ചു കഷായിച്ചു്, നമ്മുടെ അനന്തരഗാമിയായി വന്നെ ങ്കിലേ, തന്നെക്കൊണ്ടു് ജന്മരാജ്യത്തിനുപയോഗ മുണ്ടാകൂ. എന്താ തലകുലുക്കു.

---

*പൂർവ്വകാലത്തിലെ ഒരു പ്രസിദ്ധ നടൻ.

Digitized By Kerala Sahitya Akademi

മാധ:—(ഗോവിന്ദമേനോനെ പുണർന്ന വദനം) "തെംസ് നദി തീരേ ലണ്ഡനനൽ പുരിവിശ്രുതനഗരി ബലേ ബലേ! ഹംസിഗമനകൾ, റോസീ ഗണ്ഡകൾ, ആസ്ക്മീ, ടേക്മീ, സൂമാഴ് സൂമാഴ്!"

ഗോവി:—മതി, മതി കുട്ടാ. ഈ പാട്ടുംകൊണ്ടു അങ്ങു ചെന്നാൽ, എല്ലുകൾ അവിടെ സ്ഥാപിച്ചിട്ടു പോരാം. എന്തായാലും, ഇഷ്ടം സാധിച്ചു എന്നുറച്ചുകൊള്ളു. ഗോവിന്ദൻെറ വാക്കാണ്—

മാധ:—മഹാരാജ രാജേന്ദ്രശ്രീ ശ്രീമാൻ ഗോവിന്ദമേനവൻ മതിമാൻ, മഹോപദേഷ്ടാ, എററ്സെട്രാ എററ്സെട്രാ, ദീർഘായുഷ്മാൻ ഭവ!

സ്ത്രീ:—ഈ സൊല്ലയൊഴിച്ചാൽ—ദീർഘ ദീർഘ ദീർഘായുഷ്മാൻ ഭം!

ഗോവി:—ശങ്കുണ്ണിക്കും വേഗത്തിൽ കിട്ടട്ടേ ഒരു രം—ഭഃ

കർട്ടൻ

# രംഗം 6.

ചിന്താദ്രിപ്പേട്ട—മാക്കറവ്റോഡ്.

(ശങ്കുപ്ലാരും പുറകെ ഗോവിന്ദമേനോനും പ്രവേശിക്കുന്നു)

ഗോവി:—എടോ ശങ്കരപ്പിള്ളേ! നില്ക്കൂ. (ശങ്കുപ്ലാർ തിരിഞ്ഞു നോക്കാത്തതിനാൽ) ഏഹേ, മൂസ്! വല്ലടത്തും തീപിടിക്കുന്നോ? മൂട്ടുകത്തു കാലറഞ്ഞു ഓടി ശപാസസ്സുഞ്ചി ചിന്തിക്കുന്നതെന്തിനെടോ?(എന്നിട്ടും

Digitized By Kerala Sahitya Akademi

തിരിഞ്ഞു നില്ക്കാത്തതിനാൽ) ആ ലെററർ ഇങ്ങു കാണട്ടെ—കൊള്ളാമെടോ കൊള്ളാമെടോ—ആദായമുണ്ട്—കൊണ്ടുകൊടുക്കു.

ശങ്കു:—(തിരിഞ്ഞുനിന്നു) കൊല്ലത്തൊരച്ചിക്ക മീശവന്നു—പാല്ക്കടലോടിപരമ്പിൽകേറി—കണ്ണേററിപ്പാലം വിരുന്തൊരുക്കി—കണ്ണൻചിരട്ട ഇരട്ടപെററു.

ഗോവി:—ഹേ! ശങ്കുശ്ശാർ വിരുതൻ—പൊരുൾക്കൂടി പ്പറയൂ.

ശങ്കു:—പിച്ചും പ്രാന്തും നിങ്ങൾക്ക കുത്തകയോ?

ഗോവി:—എൻെറ മൂസ്സേ—താൻ ഈ വഴിക്ക നടക്കരുത്. പലരും പലതും പറയുന്നു.

ശങ്കു:—(ദേഷ്യത്തോടെ) വല്ലതും വാങ്ങിച്ചോണ്ടോടിച്ചെല്ലാൻ നടന്നാൽ അതിനും കുററമുണ്ടോ?

ഗോവി:—താൻ കിടക്കാൻ ചാടിയാൽ ഞാൻ കുഴങ്ങി ദേഹോപദ്രവത്തിനു ശിക്ഷയുണ്ട്—

ശങ്കു:—ഇരുട്ടടിക്കോ? കുരുട്ടു വഞ്ചനയ്ക്കോ? ഭഃ! നിങ്ങടെ കൂട്ടുകെട്ടുകൊണ്ട്, ഇന്ദുക്കുട്ടിപ്പിള്ളയ്ക്ക് എന്തെല്ലാം വരുന്നോ? ലവിടുത്തെ പെണ്ണുങ്ങള്—അയ്യ! നല്ല ആള്! ആ തള്ളയും മക്കളും കുലംകെടുക്കണ കൂട്ടം!

ഗോവി:—ഏതു പെണ്ണുങ്ങളെടോ?

ശങ്കു:—അമ്മേ! മുടിക്കണവിദ്യ "കാട്ടിക്കൊട്, കൂട്ടിക്കൊട് മണ്ടിക്കള" എന്നോ? ആണയും ഇട്ടുവിച്ചേച്ച്, എല്ലാം തന്നത്താൻ തന്നെ തവ്വീനു കൊളുത്തിക്കൊടുത്തു—പാവത്താൻ അക്കഞ്ഞു് കുഴിയിലും! ഇങ്ങിതാ നവാബ്—

ഗോവി:—തള്ളയും മക്കളും അല്ലെടോ അത്—

Digitized By Kerala Sahitya Akademi

ശങ്കു:—(ചിരിച്ചു തുള്ളിച്ചാടി) അതാ പുറത്തു ചാടി ഒള്ള ത്—അവിടെങ്ങും തൊട്ടിട്ടുമില്ല തൊടക്കീട്ടുമില്ല. പക്ഷെ അവിടുത്തെ ചൂതാനമെല്ലാം ഇവിടുത്തെ താക്കോലിലെന്ന് അതാ അച്ചിരി വിളിച്ചു പറയുന്നു—നിങ്ങടെ തരക്കാർ കന്നക്കോലെടുത്താൽ അടിമകളും കൊച്ചുണ്ണികളും തലയിൽ കൈവച്ച് അയ്യോന്നു നിലവിളിച്ചുപോവും — അങ്ങുന്നേ! അപ്പോ—ആ കൂട്ടത്തിലെ ഈ നാമിണങ്ങി ബറാബറെങ്കിലും, ശാരദക്കുഞ്ഞിൻെറ കാര്യം എങ്ങനെ?

ഗോവി:—എൻെറ ശംകുപ്ലാരേ! ആകാശം തകന്നു കീഴ് പോട്ടു വരുമ്പോൾ സൂര്യരശ്മി താങ്ങാകുമോ? തന്റെ കൊച്ചുങ്ങുന്ന് അവിടെ അടവു പിടിച്ചുപോയി—മധുവും മധുമൊഴികളും ജോയിൻറ് സ്റ്റാക് കമ്പനികളുടെ സിമെൻറാണ്. പഞ്ചതന്ത്രത്തിലും മെച്ചമായ ഒരു തന്ത്രം കേൾക്കു—അവരെ സ്തുതിച്ചുകൊണ്ടാൽ തനിക്കു സൈ്വരം. ശീമയിൽ പോകുന്നതു് തനിച്ചാവൂല്ല. തന്നെക്കൂടി കൊണ്ടുപോവും —ഞാൻ കണ്ടിട്ടുള്ള രാജ്യങ്ങളും വിശേഷങ്ങളും തനിക്കും കാണാം. വല്ല വനത്തിനോ പുനത്തിനോ വേണ്ട യോഗ്യതയും നേടിക്കൊണ്ടു പോരാം. ഏജ് ലിമിറ്റെക്കൊണ്ടു ചുട്ടു. ആ കുട്ടിയെ വന്ദിക്കൂ. പൊടിക്കൈയെല്ലാം പ്രയോഗിക്കൂ. എന്തു സുഖങ്ങൾ വരുമെന്നോ? ഇല്ലെങ്കിൽ, അന്നെന്നോടു ചോദിക്കൂ.

ശങ്കു:—വേണ്ട വേണ്ടാ! കരളറുത്താലും ശങ്കുച്ചാരു് തന്തയില്ലാത്തരവഴിക്കു് വഴങ്ങൂല്ല. അവരെന്തു ജാതി, ഏതു മലയരോ അരയരോ?

Digitized By Kerala Sahitya Akademi

ഗോവി:—തലയും വയറുകൊണ്ടു് ഗാഢമായി ചിന്തിച്ചു പറയൂ. വഴങ്ങൂല്ല, ഇല്ലേ? നല്ല ഉറപ്പോ?

ശങ്ക:—എന്റെ കാട്ടാമ്മായ്യാൽ ചാത്താവാണെ, ചത്തു പോയവരാണെ—

ഗോവി:—കുട്ടി ഓമനച്ചന്ദ്രവല്ലികയെടോ! സ്ഫുരത് സ്ഫുരല്ക്കാന്തി!

ശങ്ക:—ഏതു് ഒസ്സാരവല്ലിയായാലും ശരി, എന്തരു് ചൊരക്ക മാന്തിയായാലും ശരി.

ഗോവി:—എന്നാൽ ആട്ടത്തുവരൂ. ഒരു രഹസ്യം പറയട്ടെ—

(ശങ്കുണ്ണിയുടെ ചെവിയിൽ ഗോവിന്ദമേനോൻ മന്ത്രിക്കുന്നു)

ശങ്ക:—(ഞെട്ടിച്ചാടി) ഹൊള്ളതോ? (അവിശ്വാസസ്വരത്തിൽ) എന്തോ, എന്തോ, നിങ്ങളൊക്കെ വായ്യാലന്മാരല്ലയോ?

ഗോവി:—എടോ മണ്ടാ! മരങ്ങാ! തന്റെ വലിയങ്ങുന്നു അവിടെയുണ്ടു്.

ശങ്ക:—(കോപഹാസമായി) അയ്യയ്യയ്യ! ഇപ്പോഴും ഹരിച്ചന്ദ്രൻതന്നെ. വലിയങ്ങുന്നതാ, അങ്ങെ വന്നിട്ടുണ്ടു്.

ഗോവി:—ശരി! ആ എടത്തര സ്ത്രീവേഷം മാധവൻ കുട്ടിയാണു്.

ശങ്ക:—(തലകറിച്ചുനിന്നു് ഓർത്തു്) അയ്യമ്പട തകഭ്രോ! എവനെന്തു ചെകിട്ടുശ്ശവം—അയ്യോ അങ്ങുന്നേ, ബലേ സുവേഷ്, പമ്പിരിക്കൊണ്ട ബലേഭേഷ്!

ഗോവി:—തുള്ളാതിരിക്കൂ. ശേഷവും കേൾക്കൂ. (പിന്നെയും മന്ത്രിക്കുന്നു)

ശങ്ക:—(വ്യസനത്താൽ മാറത്തടിച്ചു്) അശ്ശശ്ശശ്ശ്യോ! ചണ്ടയും പിടിച്ചോ? (മൂക്കിൽ വിരൽവെച്ചു്) എന്തെല്ലാം

Digitized By Kerala Sahitya Akademi

മായങ്ങള്! എന്തെല്ലാം ചാട്ടങ്ങൾക്ക അത്രയും വേണം. ഇനി ഇന്നിതാ, ഇപ്പം എല്ലാം പററിച്ചൂടണേ—അതാ അതാ, നടന്നൂടണം—നിലാവുദിക്കുന്നതു കാണാൻ തിരിച്ചിരിക്കുന്നു. (ഗോവിന്ദമേനോൻ തിരിഞ്ഞുനോക്കി ധൃതിയിൽ പോകുന്നു)

ശങ്കു:—(ആത്മഗതം) ഇന്ന് രണ്ടും രണ്ടു പാത്രം. പിന്നെ ശീമയിൽപോയി നമുക്കും ഒരു ധാരച്ചക്കിയെ കക്ഷത്തിലാക്കികൊണ്ടു് പോന്നൂടാം—അപ്പോൾ പിന്നെ, "സലാം സാർ" പറയാത്ത പേരാരു്?

ഇന്ദു:—(പ്രവേശിച്ചു്) കിനാവുകണ്ടു നടക്കാതെ വേഗം പോക്വ. അമ്മാവനെ വിശപ്പിച്ചിരുത്തിക്കൂടാ—ഓടിപ്പോക്വ — ഞാനിതാ ശകലം കാററുകൊണ്ടിട്ടു് വന്നേച്ചു—

ശങ്കു:—(ആത്മഗതം) ചങ്ങാതി അങ്ങത്തെ മണിമന്ത്രം ഒന്നു് അഴിച്ചൂടട്ടെ, അപ്പോൾ കാററിൻെറ ഊററം കാണാം. (പ്രകാശം) അതല്ല കുഞ്ഞേ! ഒരു കട്ടും കഷ്ടം വിചാരിച്ചു് കാലു കുഴഞ്ഞു നടന്നു പോയി. കൊച്ചങ്ങുന്നു് ഈ പാവം കയ്യേൾക്കാൻ എന്തിനു പോയി?

ഇന്ദു:—(നന്നു്) തൻെറ ആചാര്യത്വം ഇനി കെട്ടിവെച്ചേക്കു. പാപസുകൃതങ്ങൾക്കു് അധികാരി താനാണോ?

ശങ്കു:—ഓ, ഒരു ആധിക്കാര്യം തന്നെ പറയുന്നതു്. അങ്ങത്തെക്കണ്ടപ്പം മുതൽ ആ കൊച്ചു് ഏക്കം പിടിച്ചു്, ഇന്നലെത്തൊട്ടു് പനിയും പായുമായി.

ഇന്ദു:—(ആധിയോടെ) എന്തൊന്നെടാ ദ്രോഹീ!

Digitized By Kerala Sahitya Akademi

ശങ്കു:—ദ്രോഹിന്നോ? ദ്രോഹി ഞാനല്ല. ഒരു കിളിപ്പിള്ളേടെ കഴുത്തും ഞെക്കിട്ടൂരെച്ചപ്പ്ട്ടു്. മററൊള്ളവൻ ദ്രോഹിപോലും! ആ പട്ടം പിടിക്കുന്നതു് കൊച്ചുങ്ങുന്നമ്മാരുതന്നെ. ചങ്കുച്ചാരെ തരക്കാക്കു് അതിനുള്ള പഠനവും പൌരുവുമില്ല. ചക്രവും, ചന്തവും, ചെറുപ്പവും എല്ലാം കൂടികൊണ്ടുചെന്നു തട്ടീട്ടാൽ, ഏതു കൊച്ചുതന്നെ തുമ്പിയാടിപ്പോവൂല്ല? കഷ്ടം! കഷ്ടം! നാരായണ! നാരായണ! പൊന്നിട്ട കമ്പി അടിച്ചപോലത്തെ തങ്കകുടം! കൊച്ചുങ്ങത്തെ മനസ്സു കാരിരുമ്പു്, കരിങ്കല്ലു്! (അപവാര്യ) അതിന്റെ തലയിലെഴുത്തിനു് ഈയൊള്ളവൻ എന്തിനാ പ്പാററുണ, പഴിക്കണു?

ഇന്ദു:—താൻ അനാവശ്യങ്ങൾ മനസ്സിലാക്കി വല്ലതും ഗ്രഹപ്പിഴ വരുത്തരുതു്. ഈ ഭ്രാന്തെല്ലാം ആരു പറഞ്ഞു തന്നോടു്? അവർ വലിയ ഒരു ബ്രഹ്മസാഹസത്തിനു മഹാത്മക്കളായി പുറപ്പെട്ടിരിക്കയാണു്. തനിക്കും എനിക്കും ഒന്നും അവിടെ കാര്യമില്ല. അവർ എന്തു പ്രസിദ്ധകളാകുമെന്നോ? ആ കുട്ടീടെ കാര്യം പക്ഷേ വേറെയാണെങ്കിലും, അതിനെ—(ദീർഘശ്വാസത്തോടെ വിരമിക്കുന്നു)

ശങ്കു:—അതതെ. അതു വേറെ. ഇപ്പഴത്തെ മട്ടിനു് അതിനും എന്തരോ ഒരു സിദ്ധി വേഗത്തിൽ തന്നെ വരും—എന്തു ചൊൽവാനെന്നോ? അഴിച്ചുവിട്ടാലും, കെട്ടിയിട്ടാലും, ആണുങ്ങളു് ആണുങ്ങളു്, പെണ്ണുങ്ങളു്, പെണ്ണുങ്ങളു്. രണ്ടും ശരി ഗമപാനുതന്നെ—കേട്ടോ കുഞ്ഞേ! അവക്കും വേലക്കാരു പെണ്ണുങ്ങളും മററുമുണ്ടു്. അതിലൊരു കോത—ചങ്കുച്ചാരു് മമതയ്ക്കു ചെന്നതല്ലാ—

Digitized By Kerala Sahitya Akademi

എന്തെല്ലാമൊ ഒക്കെ പറഞ്ഞു് അശ്ശവപ്പേച്ചിയും എൻെറ കുഞ്ഞിനെ ഞെരിച്ചിട്ടു് പ്രാവുണം— അങ്ങുന്നു് ശീമയിൽ പോണെങ്കിൽ ചങ്കുച്ചാരും കൂടിത്തന്നെ—പിന്നല്ലാണ്ടു്? വയററിപ്പാട്ടിനു് ഒരു വഴിയൊണ്ടാക്കിത്തരാൻ കുഞ്ഞിനല്ല്യോ കടമ?

ഇന്ദു:—ഭക്തിയോടെ സേവിക്കുന്നവരെ ഞാൻ ഉപേക്ഷിക്കയില്ല. തൻെറയടുക്കൽ അമ്മാവൻ വല്ലതും ചോദിച്ചാൽ, അബദ്ധം ഒന്നും മിണ്ടിപ്പോകരുതു്. എനിക്കവിടെബന്ധമൊന്നുമില്ലെന്റെ മുത്താഃന—

ശങ്കു:—ഇല്ലില്ല. ഇവിടുത്തെ ശട്ടവട്ടങ്ങൾ മറെറാളുടത്തെയല്ലല്ലോ.

ഇന്ദു:—ശീമയിലെ പരീക്ഷകൂടി കഴിഞ്ഞു്, കാലക്ഷേപത്തിനു സ്വാതന്ത്ര്യമായ വഴിയുണ്ടാക്കീട്ടു്, വേണമെങ്കിൽ പക്ഷെ തക്കടത്തു് വല്ലതും ആലോചിക്കാം. അങ്ങനെ അല്ലേ ഹേ?

ശങ്കു:—എന്നാലുമൊണ്ടല്ലോ, ആ കൊച്ചിനെ പനികൊല്ലാനും മററും വിട്ടൂടാ. ആരാൻെറ മകളാണെങ്കിലും, പെൺകുരുന്നല്ലയോ? വല്ലോൻെറയും കന്ന്യാളെ അന്ന്യായമായി കാലനു കൊടുത്തുകൂടാ. അതുമോശം. കൊടുംനരകം! ഇതാ ചങ്കുച്ചാരു് വേണമെങ്കിൽ പതിനായിരം "കൊച്ചമ്മ" വിളിച്ചൂടാം. ഇപ്പഴെ വിളിച്ചൂടാം. ഒരു തുണി കൊടുക്കേണ്ടി വന്നാലും, ചാക്കിനു വിട്ടുകൊടുത്തൂടാ—

ഇന്ദു:—പോവൂ പോവൂ, അസംബന്ധങ്ങൾ പറയാതെ. ഞാനിതേ വരുന്നുള്ളു. ക്ഷണം ഉൗണു കാലമാകണം. (പോകുന്നു)

Digitized By Kerala Sahitya Akademi

ശങ്കു:—(സ്വഗതം) അങ്ങനെ കൊണ്ടുചെല്ലട്ടെ. ചങ്കുച്ചാക്കും അടവും തടയും അറിയാം. ഗോവിന്ദമേനോനങ്ങുന്നു് കന്നനെന്നു മുമ്പേ പറഞ്ഞില്ലയോ? അദ്യം വെച്ചതന്നെ കോളിനെ ചങ്കു എങ്ങനെ ഇരട്ടിയോടെ കൊണ്ടു കൊള്ളിച്ചുട്ടു. പച്ചപ്പിള്ള തിണ്ടാടിപ്പോയി. പനിയെന്നു കേട്ടപ്പോഴം തന്നെ, പുള്ളിക്കാരൻെറ മുഖം കരിഞ്ഞുപോയി! ചങ്കുച്ചാരെ ഇനി വിട്ടല്ലാ. ശാരദക്കുട്ടിയപ്പിയും ഉള്ളകയ്യിലു്—അപ്പോഠം, ശീമയിക്കൂടി പോയേച്ചുവന്നാൽ, ഒരു ലമ്പ്രൂാംഗ് എങ്കിലും ഇടാം—കട്ടിലേസ്സ്, മട്ടൺസായ്പ്, കാളസ്റ്റൂം എന്നെല്ലാംം വെച്ചുതാങ്ങി ചട്ടീലും വട്ടപാത്രത്തിലും വിളമ്പി, നാലു കുപ്പി നാടൻ മട്ടംതരങ്ങഠം ശീമക്കടലാസുകളും ഒട്ടിച്ചു്, വിസ്കി സെവറായിസ്സ്, റിക്ഷാനംബർ ഒൺ, എന്നൊക്കെ പറഞ്ഞു മോന്തിച്ചുട്ടാൽ അങ്ങുന്നന്മാരുടേയും ഇമ്പോററിമാരുടേയും ശക്രം ശറശറാന്നിറങ്ങി, ചങ്കു മെസ്സേഴ്സ് ശങ്കരൻനായർ അമ്മാവൻ ആൻകോ ആവുട്ടല്ലയോ? അന്നു്, അങ്ങനെ നാഠംവഴിയും ഏറടവും വച്ചു്, കൊടുത്തും പിരിച്ചും ആളെപ്പിഴിഞ്ഞു്, എരട്ടക്കുതിര ഝടുക്കായും വെച്ചു് "ഝീ—ഝീ" എന്നു കൊണ്ടുപിടിക്കുമ്പം—അയ്യടാ—നേരം—കേറി ഇരുട്ടുകയും ചെയ്യണല്ലൊ! അതാണു ശനിയൻ! (പോകുന്നു)

കർട്ടൻ

Digitized By Kerala Sahitya Akademi

# രംഗം 7

നാലാം രംഗത്തിലെ പ്രവേശനമുറി.

(സ്ത്രീയും മാധവനും വില്ക്കുന്നു. ഗോവിന്ദമേനവൻ അകത്തേക്കു പ്രവേശിക്കുന്നു)

ഗോവി:—കഥകളിക്കാർ നിങ്ങളെക്കണ്ടു് ഒരു പാഠം പഠിക്കട്ടെ. വേഷങ്ങൾ കാലെക്കൂട്ടി തയ്യാർ.

മാധ:—കിതയ്ക്കുന്നല്ലൊ! ചിന്താദ്രിപ്പൊടി ഉണ്ടു നിറഞ്ഞിട്ടോ—

ഗോവി:—അല്ല, ചിന്താബ്ധിത്തിര നീന്തീട്ടു്! ഇക്കാണുകളള മനോരഥമത്തെ പ്രസ്രവിപ്പിക്കുന്ന ശിരഃഘടത്തെ ഒരുദിവസം തന്റെ അളിയശ്ശാർ തച്ചുതകക്കും.

മാധ:—അതെന്തു തത്വാമൃതപൂർണ്ണമെന്നോ? ഒരു അമൂല്യതത്വം വിസ്രാണിച്ചേക്കാം.

(ഊഞ്ഞാൽപാട്ടു രീതിയാൽ)

"മാററാന്റെ വാളും കഴുത്തു ചീന്തും-
ക്രൂററാന്റെ വെട്ടു മുതുകിന്മേലു്-
മൂരീടെ കൊമ്പു കുടലിൻ നേക്കു്-
നാരീന്റെയൻപു നരകം കാട്ടും."

ഗോവി:—വികൃതീശാ! ഈ ദുരാശയങ്ങൾ മനസ്സിൽ സംഗ്രഹിക്കരുതു്.

സ്ത്രീ:—അങ്ങനെ ഭത്സിച്ചു തള്ളിക്കളഞ്ഞുകൂടാ. മാസ്റ്റർ നമ്പ്യർ ഈ ഇരുപതാം നൂററാണ്ടിലെ പട്ടണത്തുപിള്ള! അവിടുന്നു് വേണ്ടപോലെ താക്കോൽ കൊടുത്തിട്ടു് വരികയല്ലേ?

Digitized By Kerala Sahitya Akademi

ഗോവി:—അലാറം താക്കോൽ ആണ് ഏല്പിച്ചിരിക്കുന്നതു്. ശങ്കുണ്ണിമാരെയും. പ്രയോഗത്തിന്റെ ഔചിത്യത്തിൽ ഇരിക്കുന്നു ഫലസിദ്ധി. യജമാനനും ശിഷ്യനും തമ്മിൽ ദേവാസുരസമരം ഉണ്ടായി, താക്കോൽ തകൎന്നുപോയാൽ—

മാധ:—ബിസ്മാൎക്കിന്റെ കുഴിതുരപ്പുകൾ അധികം തോലിയിൽ അവസാനിച്ചിട്ടില്ല.

ഗോവി:—എന്റെ കുട്ടാ! അഭിനന്ദിക്കുന്നതു് ശങ്കുണ്ണിടെ ഈ സ്ത്രീവേഷകേശഭാരത്തെ ആകട്ടെ. അതിലെ ഓരോ ഇഴയ്ക്കും ലക്ഷംവീതം സമ്മാനിപ്പാൻ ഞാൻ ഒരു ഭോജനല്ലല്ലോ ശിവനേ!

സ്ത്രീ:—ദേവലോകവിധാനത്തിന്റെ വൈചിത്ര്യത്തിനുള്ള സംഭാവന വിശ്വകൎമ്മാവിനു് കിട്ടണം.

ഗോവി:—ഇന്ദുലേഖരപിള്ളയോടു് മത്സരിയാകാതെ ഇവിടെ പെരുമാറിയില്ലേ, വിദഗ്ദ്ധനു് കിട്ടണം ഒന്നാം പ്രൈസു്.

സ്ത്രീ:—അക്കഥയൊന്നും മിണ്ടരുതു്. നമ്മുടെ ഉഗ്രശ്രീമതി ജ്വാലാമുഖിയാകും.

മാധ:—(ക്ലേശസ്വരത്തിൽ) ശ്രീമജ്ജ്വാലാമുഖി ലാഡ്ഡുവെല്ലാം ഭസ്മീകരിച്ചു. നമ്മുടെ പങ്കു ചോദിക്കുമ്പോൾ ഉലക്കക്കൈക്കാരിയായി എന്തെല്ലാം തകൎക്കുന്നു. അകത്തു കിടന്നു്, അതാ "കണ്മണി കുഴിയുതേ, മാരനെ കാണാമൽ—വെണ്മതി കനൽപോലെ നിനവുകൊള്ളാച്ചേ—നന്മണിമാലകളിഴിതു വീഴറതേ" എന്നു കരയുന്നു.

Digitized By Kerala Sahitya Akademi

സ്ത്രീ:—മിണ്ടാതിരിക്കൂ! നമ്മുടെ മദനദാസൻ മേഘപടലത്തിൽനിന്നു്, ചന്ദ്രകിരണംവഴി കീഴ്പ്പോട്ടിഴിഞ്ഞു്, ഭൂമുഖസ്പർശം ചെയ്യാതെ, എന്തോ മഹായോഗവിദ്യയാൽ ഇങ്ങോട്ടു നീതനാകുന്നു.

മാധ:—അപ്പോൾ അലാറം താക്കോൽ ശരിക്കു ശരിയെഫലിട്ടഫലിട്ടപ്പിച്ചു.

ഗോവി:—(മാധവനോടു്) അകത്തു പോരൂ. ശങ്കുണ്ണീ! ഓങ്ങുകേ ആവു. വെച്ചതാക്കരുതു്. (മാധവനെ പിടിച്ചുകൊണ്ടു് അകത്തു പോകുന്നു)

(ഇന്ദുശേഖരൻ പ്രവേശിക്കുന്നു)

സ്ത്രീ:—വരിക വരിക—മുഖം എന്തേ വിശേഷാൽ ക്ഷീണംകൊണ്ടു് ഇന്നു് കടുതായി വാടിക്കാണുന്നു? ഞങ്ങടെ ഇന്നലത്തെ സാഹസം ക്ഷമിച്ചു്, ഇന്നിങ്ങട്ടുപോന്നതു്, ഞങ്ങളെക്കൊണ്ടു് വഴിയേ റിപ്പെൻറ് ചെയ്യിക്കുന്നു.(1) ഇതുതന്നെയാണു്, "ദോഷകർമ്മത്തിനു് ഗുണദാനത്താൽ പ്രതീകാരം" എന്നുള്ള സജ്ജനന്യായം. യൂസീ ഫ്യ്രെ?(2)

ഇന്ദു:—അമ്മാവൻ എങ്ങോട്ടൊക്കെ സഞ്ചരിച്ചിട്ടു് വന്നിരിക്കുന്നു—

സ്ത്രീ:—അമ്മാവൻ വന്നാൽ സന്തോഷിക്കല്ലേ വേണ്ടതു്? മുഖം വികസിച്ചു്, തോഷസ്ഫുരണം ചെയ്യണ്ടേ?

ഇന്ദു:—ഇന്നലത്തെ സംഭവകാരണത്തെ സംബന്ധിച്ചു് ഒന്നുകൂടി സംസാരിച്ചിട്ടു്, അവസാനമായി പിരിയാമെന്നുവെച്ചു പോന്നു—

(1) പശ്ചാത്തപിപ്പിക്കുന്നു. (2) നിങ്ങൾക്കു് കാണുന്നുവോ?

Digitized By Kerala Sahitya Akademi

സ്ത്രീ:—ഓയി! അതിലെന്താ ഇനി പർവാനുള്ളത്? നിങ്ങൾ പുരുഷനാണെന്നു ഘോഷിച്ച് കാലിലെ പൊടിതട്ടി പിരിഞ്ഞില്ലേ?

ഇന്ദു:—എന്നാലും മനുഷ്യനാണല്ലോ—നിർവികാരതത്തിൽ എത്തീട്ടില്ല—സരോജമ്മക്ക്, എന്തോ സുഖക്കേടാണെന്നു കേട്ടു—

സ്ത്രീ:—യേയ്! സുഖക്കേടോ? ഏതു പേപ്പർ അനൌൺസ് ചെയ്യുന്നു?1 ഒ—ഉണ്ടെങ്കിൽതന്നെ ശുശ്രൂഷിക്കാൻ ഞ്ങ്യൾ ഉണ്ട്—

ഇന്ദു:—അതെന്തെങ്കിലും ആകട്ടെ. ആ കുട്ടിയോട് ഞാൻ ഒരു അപേക്ഷ ചെയ്തു. അതിനു കിട്ടേണ്ട ജീവമൃതികൾ രണ്ടിലൊന്ന് ആ മുഖത്തുനിന്നു തന്നെ കേട്ടാൽ, എന്നെക്കൊണ്ട് നിങ്ങൾക്കുള്ള ബാധ ഉടനെ ഒഴിയും.

സ്ത്രീ:—സരോജത്തിൻെറ അച്ഛൻ ആണ് അക്കാര്യത്തിലെ വിധികർത്താ. കാരണവർ മിസ്റ്റർ വാസുദേവൻ പിള്ള അവർകളുടെ ഹിതം നിങ്ങൾക്കു ലാ അല്ലെങ്കിലും, മററുള്ളോർ "കിങ്കുടുംബന്മാർ" ആയിട്ടില്ല. ഞങ്ങടെ ഉദ്യമം നിറവേറുകയും വേണ്ടേ?

ഇന്ദു:—(അക്ഷമനായി) നിങ്ങളുടെ ഉദ്യമത്തെ നിങ്ങൾ ഏതു മേൽസ്ട്രാ2 മിലെങ്കിലുംകൊണ്ടു താഴ്ത്തിൻ. ജീവനോടു മൃത്യുഭ്രതം ഇടയുമ്പോഴാണ് സദ്യകളും നിറപറകളും! കേൾക്കൂ! സ്വാതന്ത്ര്യം എന്നതിന് ജീവവ്യവസ്ഥിതികളിൽ വാചാമഗോചരമായ ഒരു പ്രാധാന്യമുണ്ട്—അതു ഗ്രഹിച്ചു സംസാരിക്കൂ—

(1) പ്രസ്താവിക്കുന്നു.
(2) ഡാവേസ്സ സമീപമുള്ള ഒരു പ്രസിദ്ധ കടൽച്ചുഴി.

Digitized By Kerala Sahitya Akademi

സ്ത്രീ:—എന്നോ! വ്യതിശാസ്ത്രജ്ഞാ! സ്വാതന്ത്ര്യം എന്നതു് ലോകസ്വത്തല്ലേ? നിങ്ങളും അതിനെ മൂവടി അളന്നു് സ്വന്തമാക്കിക്കളഞ്ഞുവോ?

ഇന്ദു:—ഇതു പണ്ടത്തെക്കാലമല്ലമ്മേ! സരോജമ്മക്കു വയസ്സു പതിനെട്ടായിട്ടുണ്ടു്—സ്ഥലം നാം പാൎക്കുന്നതു് മദ്രാസു് നഗരവുമാണു്. വിഷയം കോടതികളിൽ ഊർജ്ജിതപ്പെടുത്താവുന്ന ഒരു കരാറുമാണു്.

സ്ത്രീ:—ആ ചതുശ്ശൂലത്തിനു് ഞാൻ തല നമിക്കുന്നു—ഇത്രത്തോളം പറവാൻ പരസ്പരം അന്തൎഗ്ഗതം സമ്യോഗം വന്നിട്ടുണ്ടെങ്കിൽ, ഇഷ്ട നിൎവഹണത്തെ ഞാൻ നിരോധിച്ചാലും ഫലമെന്തു്? (ഉറക്കെ) മാധവീ! സരോജത്തെ ഇങ്ങട്ടു കൂട്ടിക്കൊണ്ടുവരൂ.
(രാഗംമൂളിക്കൊണ്ടു ചുററിനടക്കുന്നു)

(മാധവനും ശാരദയും പ്രവേശിക്കുന്നു)

ഇന്ദു:—(ശാരദയോടു്). ഈ സാധ്വിയുടെ മുമ്പിൽവെച്ചു് ഞാൻ ഇന്നലത്തെ അപേക്ഷയെ ആവൎത്തിക്കുന്നു.

ശാര:—(മിണ്ടാതെ ദൂരത്തു് മാറി നിന്നുകൊണ്ടു് പറയുന്നു) എനിക്കിതു മുഷിയുന്നു—മനുഷ്യരെ അപമാനിക്കുന്നതു്, അസഹ്യപ്പെടുത്തുന്നതു്, എന്തു പോരായ്മ!

സ്ത്രീ:—(ആത്മഗതം) ശുഭമായ ഭരതവാക്യത്തോടു് അടുക്കും മുമ്പ, പ്രബന്ധച്ചുരടിനെ ഇവളുടെ അകൃത്രിമത്വം ഖണ്ഡിച്ചേക്കും. അതുകൊണ്ടു് സംവാദം തുടരുന്നതു് ഞാൻ തന്നെ ആയേക്കാം. (പ്രകാശം) മറവുള്ള അവസ്ഥകൾ ഇരിക്കട്ടെ. സരോജത്തിന്റെ അച്ഛൻ ആരെന്നും മററും അറിയുമ്പോൾ നിങ്ങടെ ആഫറിനെ പിൻവലിച്ചാലോ?

Digitized By Kerala Sahitya Akademi

മാധ:—ഇതാ ചേട്ടാ!—

സ്ത്രീ:—(മാധവനെ പ്രഹരിച്ച് തടഞ്ഞിട്ട്) ഈ അവിവേകി പ്പെണ്ണിന്റെ വകവെക്കേണ്ട. അങ്ങെക്ക് സ്ത്രീകളുടെ ഉന്നമനത്തിൽ ഉണ്ടായിരുന്ന അത്ഭുതപ്രതിപത്തി അസ്തമിച്ചു പോയതിനെ അവൾ സൂചിപ്പിക്കാൻ തുടങ്ങി. അതു പോകട്ടെ. നിങ്ങടെ കാരണവരുടെ മകൾ ശാരദയെന്നൊരു ചെറു വിദുഷി ഇല്ലേ?

ഇന്ദു:—അവളെ ഞാൻ സ്വീകരിക്കയില്ലെന്ന് അമ്മാവനോടുതന്നെ ഫൈനലായി(1) പറഞ്ഞിട്ടുണ്ട്. ഭാര്യാസ്വീകാര്യം പരഹിതമനുസരിച്ചല്ല.

മാധ:—ദുഷ്പ്രസിദ്ധം അനുസരിച്ചുതന്നെങ്കിലും മമതയേറുന്ന ഒരു മാതുലിയോട്, "മറിമാൻ കണ്ണിമാർ മണി ആയുള്ള ചെറിയ പാറു—അറിയാതെ മനോധൈര്യക്കുറവിനു ഹേതുവായി" എന്നു ഒരു സരസൻ നവരസത്തിൽ ശ്ലേശബോധനം ചെയ്തതായി കേട്ടിട്ടുണ്ട്. അങ്ങനെയുള്ള ഒരു സംഭവത്തിന്റെ ആവർത്തനം ലോകത്തിൽ നടന്നുകൂടേ?

സ്ത്രീ:—ഛീ! ഛീ! ഗുരുലഘുതങ്ങൾ വിവേചിച്ച് പ്രസംഗിക്കു മാധവീ! (ഇന്ദുശേഖരന്റെ നേർക്ക് തിരിഞ്ഞ് പ്രൗഢഗൗരവത്തോടെ) മിസ്റ്റർ ഇന്ദുശേഖര പിള്ളേ! ഞ്യാൻ വാദിക്കുന്നത്, നിങ്ങൾ ഈ സരോജാംബയെ ഉത്തമാർദ്ധമായി വരിച്ചുകൊണ്ടു പോയി എന്നിരിക്കട്ടെ—യെന്നിട്ട്, ഇവരുടെ സൌശീല്യം, സൌന്ദര്യം, സ്കോളർഷിപ്പ്,(2) ഇവ ററയെല്ലാം തുല്യസ്ഥിതിയിൽ നിങ്ങടെ മാതുലപുത്രി ശാരദാംബ—ദിവ്യമായുള്ള നാമധേയം—

(1) അവസാനമായി (2) പാണ്ഡിത്യം

Digitized By Kerala Sahitya Akademi

ആ സൌഭാഗ്യ പുഞ്ജത്തിൽ കണ്ടു എങ്കിൽ, കാൺസികൂൻസ് 1 യെന്തായിരിക്കും.

ഇന്ദു:—എന്റെ കണ്ണുകൾ പാവനസത്വങ്ങളുടെ ദർശനത്തിൽ ഡെസൾട്ടറി2 യല്ല.

സ്ത്രീ:—ഫെയ്! നിങ്ങൾ ഒരു സൈക്കളാജിക്കൽ പ്രാബ്ളം3 ഞങ്ങടെ ബുദ്ധിസമക്ഷം വിധി കല്പിക്കാൻ സമർപ്പിക്കുന്നു. തുല്യവസ്തുക്കൾ തുല്യനിലയിൽ, ഒരേ മനസ്സിനെ ആകർഷിക്കുകയില്ലേ?

ഇന്ദു:—അങ്ങനെയുള്ള തുല്യത പ്രകൃതിയിൽ കാണുകയില്ലെന്നുള്ളതും ഒരു സൈക്കളൊജിക്കൽ ഫാക്ററ്4 അല്ലേ? സരോജത്തോട് ഒത്ത കിടയായി ഒരു ശാരദ ഉണ്ടാകില്ലെന്ന് ഞാൻ ശപഥം ചെയ്യാം.

(ശങ്കുണ്ണർ പ്രവേശിച്ച് ചുററിനോക്കുന്നു)

ശങ്കു:—(ഇന്ദുശേഖരനോട്) അങ്ങനെ ഒക്കെ ഊററം പറവാൻ വരട്ട് കൊച്ചങ്ങുന്നേ. ഇതാ വലിയങ്ങുന്നുവന്നോട്ടേ. (മാധവയെ സൂക്ഷിച്ച് നോക്കീട്ട്) അമ്പൊ! കുഞ്ഞിലേതന്നെ നഞ്ചത്താൻ! തറയീന്നെഴുന്നപ്പം പിന്നെ—ഇം! കളിപ്പീൻ കളിപ്പീൻ! ആട്ടങ്ങളാടീൻ! പക്ഷെ കളിയിൽ കൊതിപെടരുത്. (ശാരദയെ നോക്കി) അയ്യോ! ആ മന്ത്രിമൂത്തി പനിയെന്നും മററും പറഞ്ഞൂത് പെരട്ടോ? അബ്ഭോ! എന്തു മനുഷ്യര്, എന്തു കാലങ്ങള്?

---

(1) അനുഭവം. (2) അവ്യവസ്ഥിതം
(3) മനശ്ശാസ്ത്രസംബന്ധമായ വിഷമപ്രശ്നം.
(4) ആത്മീയവാസ്തവം.

Digitized By Kerala Sahitya Akademi

ഇന്ദു:—ഏതു മന്ത്രമൂർത്തിയെടോ? അധികപ്രസംഗവും കൊണ്ടു്, ഇവിടെ കടക്കാൻ തന്നോടു് ആരു പറഞ്ഞു?

ശങ്കു:—അങ്ങുന്നു പോണടത്തു് ശിഷ്യനാം എന്നല്ല്യാ ചട്ടവും നടപ്പും. (കൃപയോടെ) എന്റെ കുഞ്ഞേ—

സ്ത്രീ:—(തടഞ്ഞു്) ആട്ടെ ഈയാൾ നിങ്ങടെ പക്ഷക്കാരൻ—അയാൾ ന്യായം പറയട്ടെ. (അർത്ഥവത്തായി ശങ്കൂശാസ്ത്രിയെ നോക്കി) സരോജമ്മയും ശാരദക്കുട്ടിയമ്മയും തമ്മിൽ എന്തന്തരമുണ്ടു് ഹേ? ധർമ്മപുത്രരായി, പരമാർത്ഥം പറയൂ.

ശങ്കു:—(വിഷമനാട്യങ്ങളോടെ) ചങ്കൂച്ചാരു് ഇതിലിത്തിരി കഷ്ടളും. (ശാരദയെ നോക്കി കണ്ണിറുക്കീട്ടു്) വലിയങ്ങത്തെ ശാരദക്കുഞ്ഞു് എന്റെ ഇളിക്കളവേ വരൂ. മുഖം ചട്ടിപ്പിഞ്ഞാണംപോലെ പരന്നു്, ചട്ടുവംപോലെ മൂക്കും—

ഇന്ദു:—ഈ വിചാരണകൾ എന്തിനു്? എന്റേയും സരോജമ്മയുടേയും ഹൃദയങ്ങളാണു് വിധിക്കേണ്ടതു്.

ശങ്കു:—ഓഹ്ഹോ! എന്നാലിതാ വലിയങ്ങുന്നെത്തി; കാണട്ടെ കുശാലുകള്ള്! (വാസുദേവൻപിള്ള ഒരു വശത്തു പ്രവേശിക്കുന്നു. ഇന്ദുശേഖരൻ സംഭ്രമിച്ചും പരുഷത്തോടും മറുവശത്തോട്ടു കടക്കാൻ നോക്കുന്നു. ആ വശത്തുനിന്നു് ഗോപിനാഥമേനവൻ പ്രവേശിച്ചു് തടഞ്ഞു നിറുത്തുന്നു)

ഇന്ദു:—(നടുക്കു് നിലകൊണ്ടു്) രാവണൻ കൈലാസം ഇളക്കി—എന്നാൽ അവിടെത്തന്നെ വെച്ചതേയുള്ളൂ. നിങ്ങൾ കൌൺസിൽ കൂടിയാൽ ഇത്രയല്ലേ

Digitized By Kerala Sahitya Akademi

വരും? (ശാരദയുടെ സമീപത്തോട്ടു നീങ്ങി) സരോജം മറുപടി പറയൂ. അമ്മാവൻ നില്ക്കട്ടെ, ഈ കൃത്രിമക്കാരൻ നില്ക്കട്ടെ.

ശാര:—(വാസുദേവൻ പിള്ളയെ ചൂണ്ടിക്കാട്ടി) അങ്ങോട്ടു ചോദിക്കണം.

ഇന്ദ്:—എങ്ങോട്ടും ചോദിക്കേണ്ട.

ശാര:—(വ്യസനത്തോടെ) ഇതെന്തസംബന്ധമാണ്!

മാധ:—സംബന്ധം കാണാൻ നല്ല രത്നാദി പ്രയോഗിച്ചു നേത്രപ്രകാശമുണ്ടാകണം. ഫ്രീചായിസുകാർ സ്ത്രീകളെ ഇമാൻസിപ്പേററ് ചെയ്യാൻ കപ്പലോട്ടുമ്പോൾ, ബ്ളൈൻഡ് ക്യൂപ്പിഡ് അമരം തെററിക്കും.

ഇന്ദ്:—(മാധവനെ നോക്കി) ഈ വിട്ടുവായ്ക്കാററു് സ്ത്രീസമുദായക്കപ്പലിനെ ഏതു പാറക്കൂട്ടത്തിൽ കയററിത്തകർക്കുന്നോ? (ശാരദയോടു്) സരോജം നിഷ്കളങ്ക മനസ്വിനിയല്ലേ? രണ്ടിലൊന്നു് ഖണ്ഡിച്ചു പറയൂ—അമ്മാവൻ കേവലം പ്രാചീനനല്ല. വിദ്യാഭ്യാസദീപം അദ്ദേഹത്തിന്റെ ബുദ്ധിയേയും പ്രകാശമാനമാക്കീട്ടുണ്ടു്. വിപരീതശ്രമത്തിൽ പരാജിതൻ ആയാലും, ന്യായമായ പരിണാമത്തിനു് അമന്ദം കൊള്ളും.

ഗോവി:—സ്നേഹിതാ! ഈ പതനത്തിലെങ്കിലും ഒരു പരമാത്മമിത്രത്തിന്റെ ഗുണദോഷം സ്വീകരിക്കൂ. അമ്മാവനോടു് അപേക്ഷിക്കുക. അഭിലാഷം ന്യായമാർഗ്ഗത്തിൽ സിദ്ധിക്കും.

Digitized By Kerala Sahitya Akademi

ഇന്ദു:—(ശത്രുഭാവത്തിൽ) വേണ്ടാ, വേണ്ടാ. ഇക്കാലത്തും ശകുനികൾ, നാശപ്രചാരകന്മാർ ഉണ്ടെന്നു ബോദ്ധ്യപ്പെട്ടു.

വാസു:—ഇന്ദുശേഖരാ! അദ്ദേഹത്തെ അപമാനിക്കരുത്. ദ്രോഹമാണ്. നീ വിഷമിക്കേണ്ടാ നിന്റെ ഇഷ്ടംപോലെ നടക്കട്ടെ. എന്നാൽ ചില പരമാർത്ഥങ്ങൾ അറിയുമ്പോൾ പിടഞ്ഞുചാടി, എല്ലും തലയും തകക്കരുത്. ഇനിയെങ്കിലും ശാന്തമനസ്സനായി ആലോചിച്ച് നിശ്ചയം ചെയ്ക. ഈ കുട്ടിയോടു തോന്നുന്ന നിന്റെ അനുരാഗത്തിന് ഒരിക്കലും ഭേദം വരുരുതല്ലൊ?

ഇന്ദു:—എന്റെ പഠിപ്പിനും സ്ഥിതിക്കും ആ ചോദ്യം ആവശ്യമില്ല. അമ്മാവൻ മനുഷ്യസ്വഭാവം അറിയുന്ന ആളല്ലേ?

വാസു:—എന്റെ ഉണ്ടദോഷം കേട്ടു നടന്നിരുന്നു എങ്കിൽ എത്ര ഉപദ്രവം ഒഴിഞ്ഞു, ചാപല്യങ്ങൾ കാട്ടാതെയും എന്റ് അന്തസ്സോടും കഴിയുമായിരുന്നു!

ഇന്ദു:—ഇപ്പോൾ അന്തസ്സിനും അവസ്ഥയ്ക്കും കുറവൊന്നും വന്നിട്ടില്ല. ചാപല്യങ്ങളും ഒന്നും കാട്ടീട്ടില്ല. (സ്ത്രീയെ ചൂണ്ടിക്കാട്ടി) ഈ മഹതി—

സ്ത്രീ:—(സ്ത്രീവേഷം അഴിച്ചിട്ട്) എന്റെ സ്നേഹിതാ! നിങ്ങടെ വരശാപശക്തികൊണ്ട് എന്നെ ബൃഹന്നളയാക്കിക്കളയരുത്.

ഇന്ദു:—(ശങ്കുണ്ണിമേനവനെ ആപാദമസ്തകം ദേഷ്യത്തോടെ നോക്കീട്ട്) അങ്ങനെ വരട്ടെ! ഈ (ഗോവിന്ദമേനവനെ

Digitized By Kerala Sahitya Akademi

ചൂണ്ടിക്കാട്ടി) ജാൺസന്റെ ബാസ്‌വെൽ അദ്ദേഹത്തിന്റെ മുന്നയച്ചരടിനു് ആടുന്നതു്, ആശ്ചര്യമല്ല. ശുദ്ധഗതിയാൽ വിശ്വസിച്ചുപോയ സ്നേഹിതനെ ഭ്രാന്താസ്പത്രിക്കയച്ചിട്ടു് രസിപ്പിൻ! അമ്മാവനും ഈ കലംകത്തികളോടു ചേൎന്നല്ലൊ! (പോകാൻ തുടങ്ങുന്നു)

മാധ:—(വേഷം അഴിച്ചിട്ടു്) നില്ക്കണേ ചേട്ടാ മാധവൻ നമ്മുടെ അഭിനയചാതുൎയ്യത്തിനും വേഷസൌഭാഗ്യത്തിനും ഒരു പ്രശംസാപത്രം തന്നിട്ടുപോവുക.

ഇന്ദു:—(പല്ലുകടിച്ചു് കോപത്രുക്ഷതയോടെ മാധവനെ നോക്കീട്ടു്) ഓഹോ! കേട്ടിട്ടുണ്ടു് തന്റെ അധികപ്രസംഗസാമൎത്ഥ്യങ്ങൾ. (ശാരദയെ ചൂണ്ടിക്കാട്ടീട്ടു്) ഈ വേഷം കൂടി അഴിച്ചുകണ്ടു എങ്കിൽ പൂൎണ്ണസന്തുഷ്ടിയോടെ പോകാമായിരുന്നു.

ഗോവി:—ആ വേഷത്തിനു ഭംഗം വന്നാൽ ഇവിടൊരു ആത്മഹത്യ ഇപ്പോൾ സംഭവിക്കും. നിങ്ങടെ ഫ്രീചായിസ് എന്ന നിർബന്ധം നിറവേറുന്നു; സ്ത്രീദാസ്യമോചനശ്രമം തല്ക്കാലം അവിടെ നില്ക്കട്ടെ. ഈ നില്ക്കുന്ന നിങ്ങളുടെ അമ്മാവന്റെ മകൾ ശാരദക്കുട്ടിയമ്മയെ കിട്ടാൻ അച്ഛനോടു് ഭാഗിനേയഭക്തിയോടെ പ്രാൎത്ഥിക്കൂ.

ഇന്ദു:—(ശാരദയേയും മാധവനേയും നോക്കി ലജ്ജാധീനനായി ക്ഷ്ണിച്ചു്) നിങ്ങളെല്ലാം കൂട്ടത്തോടെ വഞ്ചകന്മാരാണു്!

വാസു,—നീ ആ കൂട്ടത്തിലല്ലെന്നു് നടിക്കേണ്ട.

ശങ്ക:—അതു് പിന്നല്ലിയോ? എത്തും പിടിയും കൊട്ടക്കാണ്ടു് ഇളകിയതിനു് ഇത്രയും കിട്ടിയതു് കുഞ്ഞേ ദൈവത്തിന്റെ ഒരു കൈ!

Digitized By Kerala Sahitya Akademi

മാധ:—(ഇന്ദുശേഖരനെ പുണൎന്നുകൊണ്ടു്) ദ്വേഷ്യപ്പെടരുതു ചേട്ടാ. ഈ കൂടിരിക്കുന്ന എല്ലാവരും ഉത്തമമിത്ര ങ്ങളാണു്. കുഴങ്ങേണ്ട.

ഗോവി:—(വാസുദേവൻപിള്ളയോടു്) അനന്തിരവന്റെ സുസ്ഥിരതയ്ക്കു് കോമ്പ്ലിമെന്റ്[1] ഇല്ലേ?

ഇന്ദു:—(മറ്റാരേയും നോക്കാതെ ശാരദയോടു്) അമ്മ വന്നിട്ടില്ലേ?

ശാര:—അകത്തുണ്ടു്. അച്ഛന്റെ വാത്സല്യത്തിരക്കിനാൽ വന്നുപോയതെല്ലാം ക്ഷമിക്കണം.

(ഇന്ദുശേഖരൻ ശാരദയെ പിടിച്ചുകൊണ്ടു് നടക്കുന്നു വാസുദേവൻപിള്ള പിൻതുടരുന്നു)

ഗോവി:— }
ശങ്കുണ്ണി:— } ഞങ്ങൾക്കു് താങ്ക്സ് എങ്കിലും ഇല്ലേ?

(ഇന്ദുശേഖരനും ശാരദയും തിരിഞ്ഞുനിന്നു് വിനയപൂൎവ്വം അഭിവാദ്യം ചെയ്യുന്നു)

ശങ്കു:—ശങ്കുസ്സാറിന്നു് ഒരു തങ്കം ചിങ്കമില്ലയോ കുഞ്ഞുങ്ങളേ?

ഇന്ദു:—തനിക്കു് ഞങ്ങളും ഞങ്ങളുടെ ഗൃഹസൎവ്വാധിപത്യവും.

മാധ:—(ഗോവിന്ദമേനവനേയും ശങ്കുണ്ണിമേനവനേയും നോക്കി) ക്രിസ്ത്വബ്ദം 1493-ൽകൊളംബസ് അമേരിക്ക എന്ന വങ്കരയെ ഡിസ്കവർ ചെയ്തു[2] കോളംബാബ്ദം ചെന്ന 1092-ലെ നേത്തെ ദിനശുഭ

(1) അഭിനന്ദനം (2) ആദ്യമായി കണ്ടുപിടിച്ച

Digitized By Kerala Sahitya Akademi

മുഹൂർത്തത്തിൽ ഇന്ദുദേവൻ "ചെറുതേൻ കുഴമ്പ് ന്നേ"യും കണ്ടുപിടിച്ചു. ഹുറേ! നമുക്കിനി ലാഡു, ബ്രെബുകൾ* കന്തത്തിലെങ്കിലും, ചെറുതേൻ കൊളംബസ്" നമ്മുടെ യുവലോകത്തിനൊരിന്ദു വായി വിലസട്ടെ!

ഗോവി:—
ശങ്കുണ്ണി:— } "നയ്യർ" കുലം പെരുകി കേരളകീർത്ത ഭൂമിയിലെങ്ങും പരത്തട്ടെ.

കർട്ടൻ

ഗ്രന്ഥം. സാഹിത്യ അക്കാദമി ... തൃശ്ശൂർ

* കയ്ക്ക്രൂലികൾ.

Digitized By Kerala Sahitya Akademi

# സീ. വീ. യുടെ

## ഇതരകൃതികൾ

| | | രൂ. | ണ. |
|---|---|---|---|
| രാമരാജാബഹദൂർ I & II | (നോവൽ) | 4 | 0 |
| കുറുപ്പില്ലാക്കളരി | (പ്രഹസനം) | 0 | 12 |
| കൈമളശ്ശന്റെ കടശിക്കൈ | ,, | 0 | 8 |
| ഡാക്ടർക്കു കിട്ടിയമിച്ചം | ,, | 0 | 8 |

എല്ലാ പുസ്തകങ്ങൾക്കും ഞങ്ങളോട് അപേക്ഷിക്കുക.

ബി. വി. ബുക്ക് ഡിപ്പോ & പ്രിന്റിംഗ് വർക്ക്സ്,
P. B. No. 19. പടിഞ്ഞാറെ നടക്കാവ്,
തിരുവനന്തപുരം. ബ്രാഞ്ച് തൃശ്ശിവപേരൂർ.


Digitized By Kerala Sahitya Akademi